VOL NO: 07 I ISSUE 20
www.nerpatham.com
mail@nerpatham.com
2023 MAY 20 I ₹10

# നേർപഥം

വാരിക



# കർണാടക ‘ദ റിയൽ സ്റ്റോറി’

മതേതര ഭാരതത്തിന് പൊൻപ്രതീക്ഷയുടെ തിരിനാളമാണ് കർണാടക തെരഞ്ഞെടുപ്പും ഫലവും നൽകിയിരിക്കുന്നത്. വർഗീയതക്കും ഛിദ്രതയ്ക്കുമെതിരെ വികസനത്തിലൂന്നിയ കാഴ്ചപ്പാടുകളും ചിട്ടയായ പ്രവർത്തനങ്ങളും കൊണ്ടുമാത്രം വിജയം എത്തിപ്പിടിക്കാമെന്ന തിരിച്ചറിവ് സാധാരണക്കാർക്ക് നൽകുന്ന ആശ്വാസം ചെറുതല്ല. വരാനുള്ള ലോക്സഭാ തെരഞ്ഞെടുപ്പിൽ പൗരന്മാരോട് മതേതരകക്ഷികൾക്ക് നൽകാനുള്ള ഉറപ്പും അതുതന്നെയാണ്.

## സംഘപരിവാർ ചരിത്രം പഠിപ്പിക്കുമ്പോൾ

|| നിരാശ വേണ്ട; ആശങ്കയും

|| അനന്തപ്രപഞ്ചവും ദൈവവും

|| വ്യക്തിബാധ്യതകളെ ചൂഷണോപാധികളാക്കി മാറ്റുന്നവർ

"അക്ഷര വെളിച്ചത്തിനൊരു കൈത്താങ്ങ്"

WISDOM students

# വിദ്യാനിധി

## സ്കൂൾ കിറ്റ്



**ഒരു കുട്ടിക്ക്**

**₹800**

- ഇല്ലായ്മ പഠനത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ, ഒരുമിച്ചൊരു കൈത്താങ്ങ്.
- അക്ഷര മുറ്റത്ത് അവർ തോളോട് തോൾ ചേർന്ന് പഠിക്കട്ടെ.

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

**Account** AXIS BANK

Customer Name : WISDOM ISLAMIC ORGANIZATION EDIFICE
Account Number : 921010054119382
Branch Name : Kozhikode
Branch IFSC : UTIB0000136

**UPI ID** fcbizfibefc@freecharge

SCAN AND PAY

Collect Your Reciept
7560 902 902

*For Queries : 8281 083568, 9072 542 542*


Wisdom Islamic Students Organization
CV Complex, PV Sami Road, Kozhikode

0330
# നേർപഥം
വാരിക

2023 മെയ് 20
1444 ശവ്വാൽ 27
പുസ്തകം 07 / ലക്കം 20




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി



## കർണാടക 'ദി റിയൽ സ്റ്റോറി'
സുഫ്‌യാൻ അബ്ദുസ്സലാം

മുഖമൊഴി
05 മനശ്ശാന്തിയുടെ മാർഗം

നമുക്കുചുറ്റും
26 സംഘപരിവാർ ചരിത്രം പഠിപ്പിക്കുമ്പോൾ
അനസ് കെ, ആമയൂർ

വിമർശനം
06 വ്യക്തിബാധ്യതകളെ ചൂഷണോപാധികളാക്കി മാറ്റുന്നവർ
മൂസ സ്വലാഹി കാര

ലേഖനം
29 ബഹുഭാഷാ 'വഹ്‌യുകൾ!'
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ലേഖനം
18 അനന്തപ്രപഞ്ചവും ദൈവവും
ഷാഹുൽ പാലക്കാട്

ലേഖനം
33 നമുക്ക് മാറാനായില്ലേ?
അജ്മൽ അൽഹികമി

ക്വുർആൻ ദർശനം
23 സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
34 നിരാശ വേണ്ട; ആശങ്കയും
നബീൽ പയ്യോളി



# കർണാടക തെരഞ്ഞെടുപ്പ് ഫലം മതേതര കക്ഷികളുടെ ദേശീയ കൂട്ടായ്മക്ക് ശക്തി പകരും:

## വിസ്ഡം സംസ്ഥാന നേതൃസംഗമം

കോഴിക്കോട്: കർണാടകയിലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഫാഷിസ്റ്റ് ശക്തികൾക്കുള്ള ശക്തമായ തിരിച്ചടിയാണെന്ന് കോഴിക്കോട് ചേർന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന നേതൃസംഗമം അഭിപ്രായപ്പെട്ടു.

മുൻ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനാധിപത്യ മാർഗത്തിലൂടെ അധികാരത്തിൽ വന്നവരിൽ ചിലരെ  വിലയ്ക്ക് വാങ്ങിയും ഭീഷണിപ്പെടുത്തിയും അധികാര പ്രയോഗത്തിലൂടെയും ഭരണം പിടിച്ചെടുക്കുകയും ന്യൂനപക്ഷ വേട്ട ശക്തമാക്കുകയും ഹിജാബ് നിരോധനം ഉൾപ്പെടെയുള്ള ഭരണഘടനാപരമായ പൗരാവകാശ ലംഘനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത ഫാഷിസ്റ്റ് ശക്തികൾക്കുള്ള വലിയ തിരിച്ചടിയാണ് ഈ തെരഞ്ഞെടുപ്പ് ഫലം എന്ന് നേതൃസംഗമം വിലയിരുത്തി.

രാജ്യത്തെ മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പാർട്ടികളുടെ ദേശീയതലത്തിലുള്ള ഐക്യം ശക്തിപ്പെടുത്താൻ കർണാടക തെരഞ്ഞെടുപ്പ് ഫലം വഴി സാധിക്കണമെന്നും സംഗമം അഭിപ്രായപ്പെട്ടു. ദക്ഷിണേന്ത്യയിലേക്കുള്ള ബിജെപിയുടെ കടന്നുകയറ്റത്തിനുള്ള തിരിച്ചടിയാണ് കർണാടകയിലെ മതേതരസമൂഹം ജനാധിപത്യ മാർഗത്തിലൂടെ നൽകിയതെന്നും നേതൃസംഗമം കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി സംഗമം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ആധ്യക്ഷ്യം വഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹാരിസ്ബ്നുസലീം, വൈസ് പ്രസിഡന്റ് ശരീഫ് ഏലാംകോട്, നാസിർ ബാലുശ്ശേരി, സംസ്ഥാന ട്രഷറർ കെ. സജ്ജാദ്, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ താജുദ്ദീൻ സ്വലാഹി, വൈസ് പ്രസിഡന്റുമാരായ ഹാരിസ് കായക്കൊടി, ഡോ. പി.പി നസീഫ്, മുസ്തഫ മദനി, സെക്രട്ടറിമാരായ ഡോ. അബ്ദുൽ മാലിക്, യു. മുഹമ്മദ് മദനി, ജംഷീർ സ്വലാഹി വാണിയമ്പലം, അബ്ദുല്ല അൻസാരി പുളിക്കൽ, മുഹമ്മദ് ശബീർ കണ്ണൂർ, സംസ്ഥാന ട്രഷറർ അൻഫസ് മുക്രം, സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് ശമീൽ മഞ്ചേരി, വൈസ് പ്രസിഡന്റുമാരായ ഡോ. ഷഹബാസ് കെ. അബ്ബാസ്, സ്വഫ്‌വാൻ ബറാമി, സെക്രട്ടറി അസ്ഹർ ചാലിശ്ശേരി എന്നിവർ പങ്കെടുത്തു.

# മനശ്ശാന്തിയുടെ മാർഗം

പൗലോ കൊയ്‌ലോയുടെ 'ആൽക്കെമിസ്റ്റ്' എന്ന കൃതിയിൽ ഒരു സ്വപ്നത്തിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ച സാന്റിയാഗോ എന്നൊരു യുവാവിന്റെ കഥ പറയുന്നുണ്ട്. സ്പെയിനിലെ ടരീഫാ എന്ന ഗ്രാമത്തിലെ ഒരു ആട്ടിടയനായിരുന്നു സാന്റിയാഗോ. ഈജിപ്തിലെ പിരമിഡുകൾക്കിടയിലേക്ക് ഒരു ബാലൻ തന്നെ കൊണ്ടുപോകുന്നതായും ഒരു നിധി കണ്ടെത്തുന്നതായും അവൻ സ്വപ്നം കണ്ടു. സലേമിലെ വൃദ്ധനായ രാജാവ് 'സഫലമാക്കാൻ ഒരു സ്വപ്നമുണ്ടെങ്കിലേ ജീവിതം അർഥപൂർണമാകുകയുള്ളൂ' എന്ന് അവനോട് പറഞ്ഞിരുന്നു. അവൻ ഈ വാക്കുകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ആടുകളെ വിറ്റ് കാശുണ്ടാക്കി ഈജിപ്തിലെത്തി. പിരമിഡുകളുടെയിടയിൽ നിധി കണ്ടെത്താൻ കുഴിച്ചുകൊണ്ടിരുന്നപ്പോൾ ഒരു അശരീരിവാക്യം അവന്റെ മനസ്സിൽ മുഴങ്ങി. അവൻ യാത്ര തുടങ്ങിയ ടരീഫാപള്ളിയുടെ മുറ്റത്താണ് നിധിയിരിക്കുന്നത് എന്നായിരുന്നു ആ വാക്യം. അവൻ നാട്ടിലേക്കു തിരിച്ചു. ടരീഫാ പള്ളിയുടെ മുറ്റത്തു കുഴിച്ചുനോക്കി, നിധി കണ്ടെത്തി. നിധി കണ്ടെത്താൻ അന്യനാട്ടിൽ പോകേണ്ടെന്നും സ്വന്തം ഗ്രാമത്തിൽ അതു കണ്ടെത്താമെന്നും അവനു മനസ്സിലായി. ഇതുപോലെയാണ് സമാധാനം. മനുഷ്യന്റെ മനസ്സിൽത്തന്നെയാണ് അതു കണ്ടെത്തേണ്ടത്. അതുതേടി അലയേണ്ടതില്ല. മനസ്സിൽത്തന്നെ അതു കണ്ടെത്താൻപരിശ്രമിക്കണം.

1980ൽ ടൈം മാസിക ഒരു ചിത്രരചനാമത്സരം നടത്തി. സമാധാനം ചിത്രീകരിക്കുന്ന ചിത്രം വരയ്ക്കുവാനാണ് ചിത്രകാരന്മാർക്ക് നിർദേശം കൊടുത്തത്. പരിശോധകസമിതി ഒന്നാം സമ്മാനം കൊടുത്ത ചിത്രത്തിൽ ഒരു കലിതുള്ളുന്ന കടലിനെയാണ് ചിത്രകാരൻ അവതരിപ്പിച്ചിരിക്കുന്നത്. കടൽ അതിശക്തമായി ഇളകിമറിയുകയാണ്. ഈ കടലിൽ ഉയർന്ന് നിൽക്കുന്ന പാറയുടെ മുകളിലുള്ള ഒരു ദ്വാരത്തിൽ ഒരു കുരുവി ശാന്തമായി ഇരിക്കുന്നു.

അപകടങ്ങളും ബുദ്ധിമുട്ടുകളുമില്ലാത്ത അവസ്ഥയല്ല യഥാർഥ സമാധാനം. കഷ്ടപ്പാടിലും ദുഃഖത്തിലും സന്തോഷം കാണുന്നതിലാണ് സമാധാനം കുടികൊള്ളുന്നത്. സമാധാനം ഒന്നാമതായി ഹൃദയത്തിലാണ് സൃഷ്ടിക്കേണ്ടത് എന്നർഥം. ഏതു സംഘർഷവും യുദ്ധവും ആദ്യം മനുഷ്യഹൃദയത്തിലാണല്ലോ സംജാതമാകുന്നത്. മനുഷ്യഹൃദയം സമാധാനപൂർണമാകുന്നത് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൊണ്ടാണ് എന്നാണ് വിശുദ്ധ ഖുർആൻ അറിയിക്കുന്നത്.

സന്തോഷവും സന്താപവും മനുഷ്യജീവിത്തിന്റെ ഭാഗമാണെന്ന സത്യം നാം മറക്കാൻ പാടില്ല. എല്ലാം അല്ലാഹുവിന്റെ വിധിയനുസരിച്ചാണ് സംഭവിക്കുന്നത്. അവസ്ഥകൾ മാറി വരുമ്പോൾ അതിൽ അസ്വസ്ഥരാവുകയെന്നത് സത്യവിശ്വാസികളുടെ ലക്ഷണമല്ല. അല്ലാഹു പറയുന്നു:

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാം ചെയ്തത്) നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല" (57:22,23).

സത്യവിശ്വാസിയുടെ മാത്രം പ്രത്യേകതയായി നബി(സ്വ) എടുത്തു പറഞ്ഞ കാര്യമാണ്; സന്തോഷം ഉണ്ടായാൽ അവൻ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നു. ദുഃഖം ഉണ്ടായാൽ ക്ഷമിക്കുകയും ചെയ്യുന്നു. അത് രണ്ടും അവന് ഗുണകരമാണ് എന്നത്. അത്തരക്കാരുടെ മനസ്സ് എപ്പോഴും ശാന്തമായിരിക്കും.

''ഹേ, റസൂലേ, നിന്റെ രക്ഷിതാവിങ്കൽനിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽനിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യനിഷേധികളായ ആളുകളെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുകയില്ല''(5:67)



# വ്യക്തിബാധ്യതകളെ ചൂഷണോപാധികളാക്കി മാറ്റുന്നവർ

**മൂസ സ്വലാഹി കാര**

:97473 45768

വിശ്വാസിയുടെ ദൈനംദിന ജീവിതത്തിൽ പൊതുവായും സമയബന്ധിതമായും അനുഷ്ഠിക്കേണ്ടതും പതിവാക്കേണ്ടതുമായ കാര്യങ്ങളെ സംബന്ധിച്ച വ്യക്തമായ രൂപം പ്രമാണങ്ങൾ മുഖേന പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. വീഴ്ചകളിൽനിന്നും പോരായ്മകളിൽനിന്നും സംരക്ഷിക്കപ്പെടുകയും ഏറ്റവും നല്ല മാതൃകയെന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്ത നബി(സ)യുടെ ജീവിതത്തെയാണ് മതകാര്യങ്ങളിൽ നാം അനുധാവനം ചെയ്യേണ്ടത്. അല്ലാഹു ഏൽപിച്ച ദൗത്യനിർവഹണത്തെ കുറിച്ചുള്ള കൽപനയുടെ കാഠിന്യം കാണുക:

അല്ലാഹു പറയുന്നു: ''ഹേ, റസൂലേ, നിന്റെ രക്ഷിതാവിങ്കൽനിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽനിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യനിഷേധികളായ ആളുകളെ തീർച്ചയായും അല്ലാഹു നേർവഴിയിലാക്കുകയില്ല''(5:67)

> **അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന മതത്തെ മായം ചേർക്കാതെയും കൃത്യവിലോപം കാണിക്കാതെയും നാട്യങ്ങളില്ലാതെയുമാണ് നബി(സ്വ) ജനങ്ങളെ പഠിപ്പിച്ചത്. വഹ്‌യ് നൽകപ്പെട്ട നബി(സ്വ)യും അതിന് സാക്ഷികളായ സ്വഹാബികളുമാണല്ലോ നന്മകളെ ആദ്യം കൈക്കൊണ്ടവർ. കർമരംഗത്ത് അവർ കാണിച്ച താൽപര്യത്തെ മറികടക്കാനോ, അവർക്കുണ്ടായിരുന്ന സൂക്ഷ്മതയെ അളക്കാനോ വിശ്വാസികളിൽ ഒരാളും ധൈര്യപ്പെടില്ല. എന്നാൽ കപട ആത്മീയതയുടെ വക്താക്കൾ ഉത്തമ തലമുറയെ വെല്ലുവിളിക്കും വിധമാണ് സമൂഹത്തിൽ പൊള്ളവാദങ്ങൾ പ്രചരിപ്പിക്കുന്നത്.**

അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന മതത്തെ മായം ചേർക്കാതെയും കൃത്യവിലോപം കാണിക്കാതെയും നാട്യങ്ങളില്ലാതെയുമാണ് നബി(സ്വ) ജനങ്ങളെ പഠിപ്പിച്ചത്. വഹ്‌യ് നൽകപ്പെട്ട നബി(സ്വ)യും അതിന് സാക്ഷികളായ സ്വഹാബികളുമാണല്ലോ നന്മകളെ ആദ്യം കൈക്കൊണ്ടവർ. കർമരംഗത്ത് അവർ കാണിച്ച താൽപര്യത്തെ മറികടക്കാനോ, അവർക്കുണ്ടായിരുന്ന സൂക്ഷ്മതയെ അളക്കാനോ വിശ്വാസികളിൽ ഒരാളും ധൈര്യപ്പെടില്ല. എന്നാൽ കപട ആത്മീയതയുടെ വക്താക്കൾ ഉത്തമ തലമുറയെ വെല്ലുവിളിക്കും വിധമാണ് സമൂഹത്തിൽ പൊള്ളവാദങ്ങൾ പ്രചരിപ്പിക്കുന്നത്. ഇമാം മാലിക്(റഹ്)പറഞ്ഞത് കാണുക: "ആരെങ്കിലും ഇസ്‌ലാമിൽ പുതിയ വല്ലതും നിർമിച്ചുണ്ടാക്കുകയും അതിനെ നല്ലതായി കാണുകയും ചെയ്താൽ അവൻ നബി(സ്വ) തന്റെ ദൗത്യത്തിന്റെ കാര്യത്തിൽ വഞ്ചന കാണിച്ചു എന്നാണ് വാദിക്കുന്നത്. കാരണം ഇന്ന് നിങ്ങളുടെ മതം നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു എന്നു പറഞ്ഞു കഴിഞ്ഞു. അന്ന് മതത്തിൽ ഉൾപെട്ടിട്ടില്ലാത്ത ഒരു കാര്യം ഇന്ന് മതമായി തീരുകയില്ല'' (അൽഇഹ്തിസ്വാം, ഇമാം ശാത്വിബി).

ചൂഷകരായി പുരോഹിതന്മാർ രംഗപ്രവേശനം നടത്തിയതു മുതൽ നബിചര്യയിൽനിന്ന് ജനങ്ങൾ അകറ്റപ്പെടുകയും പുത്തനാചാരങ്ങളിലേക്ക് അടുപ്പിക്കപ്പെടുകയും ചെയ്തു. മുസ്‌ലിയാക്കന്മാർ അവർക്ക് തോന്നിയതും അടിസ്ഥാനമില്ലാത്ത ഗ്രന്ഥങ്ങളിൽ കണ്ടതുമെല്ലാം മതമായി വിശദീകരിക്കാൻ തുടങ്ങി. സമൂഹത്തെ നേരായ വഴിക്ക് നയിക്കേണ്ടവർ പ്രമാണങ്ങൾ പറഞ്ഞത് പരിഗണിക്കാതെ ജൂത-ക്രൈസ്തവ പുരോഹിതന്മാരുടെ അനുധാവകരായി മാറി. ഈസാ നബി(അ)ക്ക് ഇറക്കപ്പെട്ട ഇഞ്ചീലിന്റെ യഥാർഥ അനുയായികളാകേണ്ട ക്രൈസ്തവർ അതിൽനിന്ന് വ്യതിചലിച്ചപ്പോൾ ഉണ്ടായ അപകടത്തെപ്പറ്റി ഖുർആൻ പറയുന്നത് കാണുക:

''പിന്നീട് അവരുടെ പിന്നിലായി നാം നമ്മുടെ ദൂതൻമാരെ തുടർന്നയച്ചു. മർയമിന്റെ മകൻ ഈസായെയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇൻജീൽ നൽകുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കരുണയും ഉണ്ടാക്കി. സന്യാസജീവിതത്തെ അവർ സ്വയം പുതുതായി നിർമിച്ചു. അല്ലാഹുവിന്റെ പ്രീതി തേടേണ്ടതിന് (വേണ്ടി അവരതു ചെയ്തു) എന്നല്ലാതെ, നാം അവർക്കത് നിയമമാക്കിയിട്ടുണ്ടായിരുന്നില്ല. എന്നിട്ട് അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചതുമില്ല. അപ്പോൾ അവരുടെ കൂട്ടത്തിൽനിന്ന് വിശ്വസിച്ചവർക്ക് അവരുടെ പ്രതിഫലം നാം നൽകി. അവരിൽ അധികപേരും ദുർമാർഗികളാകുന്നു"(57:27).

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ (റഹ്) പറയുന്നു: "രണ്ട് രൂപത്തിൽ അവർക്കിത് ആക്ഷേപമാണ്. ഒന്ന്, മതത്തിൽ അല്ലാഹു കൽപിക്കാത്തത് പുതുതായി അവർ ചേർത്തു. രണ്ട്, അല്ലാഹുവിലേക്കടുപ്പിക്കുന്നവയെന്ന് അവർ വാദിച്ച ആ കാര്യങ്ങളെ കൃത്യമായി നിർവഹിച്ചില്ല."

പ്രാർഥന, ദിക്ർ, സ്വലാത്ത് എന്നീ വിഷയങ്ങളെ മുൻനിർത്തിയാണ് വ്യാപകമായ വ്യവഹാരം നടക്കുന്നത്. പ്രമാണങ്ങളിൽ



ഗത്തെ അവൻ നേർവഴിയിലാക്കിയിരിക്കുന്നു. ഒരു വിഭാഗമാകട്ടെ വഴിപിഴക്കാൻ അർഹരായിരിക്കുന്നു. അല്ലാഹുവിനെ വിട്ട് പിശാചുക്കളെയാണ് അവർ രക്ഷാധികാരികളാക്കി വെച്ചിരിക്കുന്നത്. തങ്ങൾ സൻമാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യുന്നു'' (7:30).

കൊറോണ എന്ന മഹാമാരി വലിയ പരീക്ഷണമായി ലോകത്തെ പിടികൂടിയപ്പോൾ മുസ്‌ലിയാക്കന്മാർ തട്ടിപ്പിന്റെ പുതിയ മുഖവുമായി രംഗത്തെത്തി. ഓൺലൈൻ സംവിധാനം ഉപയോഗിച്ച് വ്യക്തി കേന്ദ്രീകൃത മജ്‌ലിസുകൾ പ്രത്യക്ഷപ്പെട്ടു. പലരുടെയും പേരിൽ ഇല്ലാത്ത പോരിശകൾ പറഞ്ഞുപരത്തി അവർ ജനങ്ങളെ കബളിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രഭാത-പ്രദോഷ പ്രാർഥനകളെ വരെ ഇക്കൂട്ടർ സാധാരണക്കാരെ പറ്റിക്കുന്നതിന് വേണ്ടി ദുരുപയോഗം ചെയ്യുന്നു.

നൂറേ അജ്മീർ, അറിവിൻ വെളിച്ചം, ബദ്‌റൊളി മജ്‌ലിസ്, അറിവിൻ നിലാവ്, നൂറേ മദീന, മദനീയം, നൂറേ ഹബീബെ, മടവൂർ മുല്ല, അസ്മാഉൽ ഹുസ്ന മജ്‌ലിസ്, അയ്നുന്നൂർ മജ്‌ലിസ്, മജ്‌ലിസുന്നൂർ, അൽമഹ്ളറത്തുൽ ബദ്‌രിയ്യീൻ എന്നിവ ദുആ-ദിക്റുകളുടെ പേരിലും നാരിയ്യ സ്വലാത്ത്, താജുസ്സ്വലാത്ത്, കമാലിയ്യ സ്വലാത്ത്, ദലാഇലുൽ ഖൈർ, സ്വലാത്തുൽ ഫാതിഹ്, സ്വലാതുത്ത്വിബ്ബ് തുടങ്ങിയവ സ്വലാത്തിന്റെ പേരിലും അരങ്ങ് തകർക്കുന്നു.

നബി(സ്വ)യെയും ബദ്‌രീങ്ങളെയും മുഹ്‌യിദ്ദീൻ ശൈഖിനെയും സി.എം മടവൂരിനെയുമൊക്കെ നേരിട്ട് വിളിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുന്ന മജ്‌ലിസുകളാണ് ഇവയിലധികവും. നിരവധി ആയത്തുകളും ഹദീസുകളും ചരിത്ര സംഭവങ്ങളും ഇതിനായി ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നു. പ്രവാചക മാതൃകയില്ലാത്ത ഇത്തരം തെറ്റായ

**ചൂഷകരായി പുരോഹിതന്മാർ രംഗപ്രവേശനം നടത്തിയതു മുതൽ നബിചര്യയിൽനിന്ന് ജനങ്ങൾ അകറ്റപ്പെടുകയും പുത്തനാചാരങ്ങളിലേക്ക് അടുപ്പിക്കപ്പെടുകയും ചെയ്തു. മുസ്‌ലിയാക്കന്മാർ അവർക്ക് തോന്നിയതും അടിസ്ഥാനമില്ലാത്ത ഗ്രന്ഥങ്ങളിൽ കണ്ടതുമെല്ലാം മതമായി വിശദീകരിക്കാൻ തുടങ്ങി. സമൂഹത്തെ നേരായ വഴിക്ക് നയിക്കേണ്ടവർ പ്രമാണങ്ങൾ പറഞ്ഞത് പരിഗണിക്കാതെ ജൂത-ക്രൈസ്തവ പുരോഹിതന്മാരുടെ അനുധാവകരായി മാറി**

ന്നതാണ്''(99:4).

മതം പഠിപ്പിക്കാത്തതായ, സമയം നിർണയിച്ചും അല്ലാതെയുമുള്ള മഹാന്മാരുടെ ഹഖ്-ജാഹ്-ബറകത്ത് കൊണ്ടുള്ള പ്രാർഥനകൾ, എണ്ണം കണക്കാക്കിയും അല്ലാതെയും ചൊല്ലുന്ന ദിക്റുകൾ, പ്രത്യേക സന്ദർഭങ്ങളിലും എപ്പോഴും ചൊല്ലാവുന്നതുമായ; പലതരം ഭൗതിക നേട്ടങ്ങൾ നേടിത്തരുമെന്ന് പറഞ്ഞ് നടത്തുന്ന പല പേരുകളിലുള്ള സ്വലാത്തുകൾ... ഇതിനെല്ലാം രൂപം നൽകിയതാരാണ്? നബി(സ്വ)യുടെ കാലഘട്ടം മുതൽ തന്നെ ഇതെല്ലാം ഉണ്ടായിരുന്നെങ്കിൽ വ്യക്തമായ രൂപവും കൃത്യമായ കണക്കും ലഭിക്കുമായിരുന്നു. ഏറ്റവും നല്ല തലമുറയിൽ ജീവിച്ചവർ അത് ശ്രദ്ധിക്കുമായിരുന്നു. അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ അത് ഉൾപ്പെടുത്തുമായിരുന്നു.

ജൂത-ക്രൈസ്ത വിഭാഗങ്ങളുടെ സ്വാധീന ഫലമായി മുസ്‌ലിംകൾക്കിടയിലുണ്ടായ ശിയാ, സൂഫി, ബറേൽവി വിഭാഗങ്ങളാണ് ഇത്തരത്തിലുള്ള പല പുത്തനാചാരങ്ങളുടെയും ഉപജ്ഞാതാക്കൾ. നമ്മുടെ നാട്ടിലെ മുസ്‌ലിയാക്കൾ അവരുടെ വകയായി നിർമിക്കുന്നവയുമുണ്ട്. ക്വുർആനിന്റെ താക്കീതിനെയാണ് ഇത്തരക്കാർ ഭയക്കേണ്ടത്.

അല്ലാഹു പറയുന്നു: ''ഒരു വിഭാ

വന്ന ഈ പദങ്ങൾ ഉപയോഗിച്ച് എന്തും എങ്ങനെയും ചെയ്യാനുള്ള അനുമതി ഇസ്‌ലാം ആർക്കും നൽകിയിട്ടില്ല. നബി (സ്വ) തന്നെയും കൽപിക്കപ്പെട്ടത് കാണുക.

അല്ലാഹു പറയുന്നു: ''നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു''(33:2).

പ്രാർഥനാ സമ്മേളനങ്ങൾ, സ്വലാത്ത് നഗരികൾ, ദിക്ർ ഹൽഖകൾ എന്നിവ വ്യത്യസ്തമായും പുതുമയിലും പല സ്ഥലങ്ങളിലും പൊടിപൊടിക്കുകയാണ്. പള്ളികളും മതപഠന സ്ഥാപനങ്ങളെന്ന് പറയപ്പെടുന്നവയും വീടുകളും അങ്ങാടികളും പറമ്പുകളുമെല്ലാം ഇവയ്ക്ക് വേദിയാക്കപ്പെടുന്നു.

നല്ലകാര്യമാണ്, മതത്തിലുള്ളതാണ് എന്നൊക്കെ കരുതിയാണ് പാമര ജനങ്ങൾ ഈ അത്യാചാരങ്ങൾക്ക് കൂട്ട് നിൽക്കുന്നത്. മതബാഹ്യമായ ഇത്തരം കാര്യങ്ങൾ സംഘടിപ്പിക്കപ്പെട്ട സ്ഥലങ്ങൾ പോലും നാളെ എതിരായി സാക്ഷി പറയുമെന്ന ഭയം എല്ലാവർക്കുമുണ്ടാകണം.

അല്ലാഹു പറയുന്നു: ''അന്നേ ദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കു

സംഗമങ്ങളിൽ പങ്കെടുക്കുന്നവരും അവയുടെ വീഡിയോക്ക് ലൈക്കടിച്ച്, കമന്റ് രേഖപ്പെടുത്തി, മറ്റുള്ളവരിലേക്ക് ഷെയർ ചെയ്യുന്നവരും തങ്ങൾ ചെയ്യുന്നത് മതവിരുദ്ധമായ കാര്യത്തിന് കൂട്ടു നിൽക്കലും അത്. പ്രചരിപ്പിക്കലുമാണെന്ന് തിരിച്ചറിയുക. മുഹമ്മദ് നബി(സ്വ)യെക്കാൾ വലിയ മഹാന്മാരാണോ ഇവർ?

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യൻ (അല്ലാഹു) മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ" (18:110).

ഹിജ്റ 329ൽ മരണപ്പെട്ട ഇമാം ബർബഹാരി(റഹ്) പറഞ്ഞത് കാണുക: "ഒരു സുന്നത്ത് ഒഴിവാക്കിയല്ലാതെ ജനങ്ങൾ ബിദ്അത്തിനെ സ്വീകരിച്ചിട്ടില്ലെന്ന് നീ അറിയണം. പുതുതായി ഉണ്ടാക്കപ്പെട്ടവയെ നീ സൂക്ഷിക്കണം. അതെല്ലാം പുത്തനാചരങ്ങളും വഴികേടും നരകത്തിലേക്കുള്ളതുമാണ്. പുതുതായ കാര്യങ്ങളിൽ ചെറിയതിനെ അത് വലുതായി മാറുമെന്നതിനാൽ നീ കരുതണം. ഈ സമൂഹത്തിൽ പുതുതായി ഉണ്ടാക്കപ്പെട്ടവയുടെയെല്ലാം തുടക്കം സത്യത്തോട് സാദൃശ്യമുള്ളതായതിനാൽ അതിൽ പ്രവേശിച്ചവരെല്ലാം വഞ്ചിതരായി. പിന്നീട് അതിൽനിന്ന് പുറത്ത് കടക്കാൻ സാധിക്കാത്തവിധം അതൊരു മതമായി മാറി. അങ്ങനെ നേർമാർഗത്തിന് എതിരാവുകയും ഇസ്‌ലാമിൽ നിന്ന് പുറത്താവുകയും ചെയ്തു"(ശറഹുസ്സുന്ന).

മനസ്സിന്റെ വിമലീകരണത്തിനായി ഓരോരുത്തരും സ്വയം പതിവാക്കേണ്ട നന്മകളെ സ്റ്റേജൊരുക്കിയും ഓൺലൈൻ ചാനൽ വഴിയുമൊക്കെ ചെയ്യിപ്പിക്കുന്നത് എത്ര വലിയ വങ്കത്തരമാണ്.

**പ്രാർഥനാ സമ്മേളനങ്ങൾ, സ്വലാത്ത് നഗരികൾ, ദിക്ർ ഹൽക്വകൾ എന്നിവ വ്യത്യസ്തമായും പുതുമയിലും പല സ്ഥലങ്ങളിലും പൊടിപൊടിക്കുകയാണ്. പള്ളികളും മതപഠന സ്ഥാപനങ്ങളെന്ന് പറയപ്പെടുന്നവയും വീടുകളും അങ്ങാടികളും പറമ്പുകളുമെല്ലാം ഇവയ്ക്ക് വേദിയാക്കപ്പെടുന്നു. നല്ലകാര്യമാണ്, മതത്തിലുള്ളതാണ് എന്നൊക്കെ കരുതിയാണ് പാമര ജനങ്ങൾ ഈ അത്യാചാരങ്ങൾക്ക് കൂട്ട് നിൽക്കുന്നത്. മതബാഹ്യമായ ഇത്തരം കാര്യങ്ങൾ സംഘടിപ്പിക്കപ്പെട്ട സ്ഥലങ്ങൾ പോലും നാളെ എതിരായി സാക്ഷി പറയുമെന്ന ഭയം എല്ലാവർക്കുമുണ്ടാകണം. മുസ്‌ലിയാക്കന്മാരുടെ വേഷത്തിലും വാചാലതയിലും ആകൃഷ്ടരായി വിശ്വാസവും സൂക്ഷ്മതയും കളങ്കപ്പെടുത്തിയാൽ അതിലൂടെ നഷ്ടപ്പെടുന്നത് പരലോക വിജയമാകും. അല്ലാഹുവിൽനിന്ന് കൂലി ആഗ്രഹിക്കുക അവന്റെ കൽപനകൾക്ക് കീഴ്പ്പെട്ട് പ്രവർത്തിക്കുന്നവർ മാത്രമാണ്.**

പാമര ജനങ്ങളുടെ അജ്ഞതയെ മുതലെടുത്ത് ഇത്തരം അന്ധവിശ്വാസങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവർ ക്വുർആനിന്റെ താക്കിതിനെ വിസ്മരിച്ചവരാണ്.

അല്ലാഹു പറയുന്നു:"പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കുകയില്ല. ഭാരംകൊണ്ട് ഞെരുങ്ങുന്ന ഒരാൾ തന്റെ ചുമട് താങ്ങുവാൻ (ആരെയെങ്കിലും) വിളിക്കുന്ന പക്ഷം അതിൽനിന്ന് ഒട്ടുംതന്നെ ഏറ്റെടുക്കപ്പെടുകയുമില്ല; (വിളിക്കുന്നത്) അടുത്ത ബന്ധുവിനെയാണെങ്കിൽ പോലും. തങ്ങളുടെ രക്ഷിതാവിനെ അദൃശ്യമായ വിധത്തിൽതന്നെ ഭയപ്പെടുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുന്നവർക്ക് മാത്രമെ നിന്റെ താക്കീത് ഫലപ്പെടുകയുള്ളൂ. വല്ലവനും വിശുദ്ധി പാലിക്കുന്ന പക്ഷം തന്റെ സ്വന്തം നൻമക്കായി തന്നെയാണ് അവൻ വിശുദ്ധി പാലിക്കുന്നത്. അല്ലാഹുവിങ്കലേക്കാണ് മടക്കം"(35:18).

മുസ്‌ലിയാക്കന്മാരുടെ വേഷത്തിലും വാചാലതയിലും ആകൃഷ്ടരായി വിശ്വാസവും സൂക്ഷ്മതയും കളങ്കപ്പെടുത്തിയാൽ അതിലൂടെ നഷ്ടപ്പെടുന്നത് പരലോക വിജയമാകും. അല്ലാഹുവിൽനിന്ന് കൂലി ആഗ്രഹിക്കുക അവന്റെ കൽപനകൾക്ക് കീഴ്പ്പെട്ട് പ്രവർത്തിക്കുന്നവർ മാത്രമാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽനിന്നു രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്യും. അതുകൊണ്ട് നിങ്ങൾക്ക് (ശരിയായ പാതയിലൂടെ) നടന്നു പോകാം. നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാനിധിയുമാണ് " (57:28).



# കർണാടക 'ദി റിയൽ സ്റ്റോറി'

**മതേതര ഭാരതത്തിന് പൊൻപ്രതീക്ഷയുടെ തിരിനാളമാണ് കർണാടക തെരഞ്ഞെടുപ്പും ഫലവും നൽകിയിരിക്കുന്നത്. വർഗീയതക്കും ഛിദ്രതയ്ക്കുമെതിരെ വികസനത്തിലൂന്നിയ കാഴ്ചപ്പാടുകളും ചിട്ടയായ പ്രവർത്തനങ്ങളും കൊണ്ടുമാത്രം വിജയം എത്തിപ്പിടിക്കാമെന്ന തിരിച്ചറിവ് സാധാരണക്കാർക്ക് നല്കുന്ന ആശ്വാസം ചെറുതല്ല. വരാനുള്ള ലോക്സഭാ തെരഞ്ഞെടുപ്പിൽ പൗരന്മാരോട് മതേതരകക്ഷികൾക്ക് നൽകാനുള്ള ഉറപ്പും അതുതന്നെയാണ്.**

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

വെറുപ്പിന്റെ കമ്പോളത്തിൽ സ്നേഹത്തിന്റെ കട തുറന്ന് കോൺഗ്രസ് കർണാടകയിൽ ശക്തമായ തിരിച്ചുവരവ് നടത്തിയിരിക്കുന്നു. രാജ്യത്തുടനീളം വർഗീയതയുടെയും അസഹിഷ്ണുതയുടെയും തീതുപ്പുന്ന പ്രസ്താവനകളുമായി ഊരുചുറ്റിക്കൊണ്ടിരുന്ന പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും സംഘപരിവാരങ്ങൾക്കും കനത്ത താക്കീതാണ് കന്നഡ മക്കൾ നൽകിയിരിക്കുന്നത്. കോൺഗ്രസും മതേതരത്വവും മരിച്ചിട്ടില്ല, അവ ഇന്ത്യയുടെ ആത്മാവിൽ വേരൂന്നി നിൽക്കുന്ന ആശയധാരയാണെന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിച്ചിരിക്കുന്നു. ചരിത്രത്തിൽ എന്നെന്നും തിളങ്ങി നിൽക്കുന്ന ഈ വിജയത്തിന്റെ ചുക്കാൻ പിടിച്ച പി.സി.സി അധ്യക്ഷൻ ഡി.കെ.ശിവകുമാറിന്റെയും മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യയുടെയും തൊപ്പിയിൽ ഒരു പൊൻതൂവൽ കൂടി തുന്നിച്ചേർത്തിരിക്കുകയാണ് ഈ തെരഞ്ഞെടുപ്പ് ഫലം.

**കർണാടക: കഴിഞ്ഞ അഞ്ച് വർഷം**

കഴിഞ്ഞ അഞ്ച് വർഷക്കാലം കർണാടക ഭരിച്ച ബിജെപി കാര്യമായും ശ്രദ്ധിച്ചത് സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ വെറുപ്പും വൈരവും സൃഷ്ടിക്കുന്നതിലായിരുന്നു. മുസ്‌ലിം ന്യൂനപക്ഷത്തെ പ്രതിസ്ഥാനത്ത് നിർത്തി ഹൈന്ദവ മനസ്സുകളിൽ മുസ്‌ലിം വിരോധവും വർഗീയതയും കുത്തിനിറക്കുകയായിരുന്നു ഈ കാലയളവിൽ അവർ ചെയ്തുകൊണ്ടിരുന്നത്. ജനങ്ങളെ ബാധിക്കുന്ന ഗൗരവതരമായ വിഷയങ്ങളിലൊന്നും ഇടപെടാതെ കേവലം മതവൈകാരികതയിൽ അധിഷ്ഠിതമായ കാര്യങ്ങൾക്ക് അമിതപ്രാധാന്യം നൽകിയായിരുന്നു അവർ ഭരിച്ചിരുന്നത്.

**ഗോവധ നിരോധന ആക്റ്റ്**

2019ൽ ഭരണം പൂർണമായും കൈപ്പിടിയിൽ ഒതുക്കിയ ബിജെപി ആദ്യ



മായി കൈവെച്ചത് ഗോവധ നിരോധനത്തിന്മേലായിരുന്നു. 2020ൽ The Karnataka Prevention of Slaughter and Preservation of Cattle Act (KPSPCA) കൊണ്ടുവന്നുകൊണ്ടായിരുന്നു ആദ്യത്തെ പ്രകോപനം. മുസ്‌ലിം സമുദായത്തെ വൈകാരികമായി പ്രതിഷേധിക്കാൻ പ്രേരിപ്പിക്കുക എന്ന ലക്ഷ്യമല്ലാതെ മറ്റൊന്നും ഈ നിയമത്തിന്റെ പിന്നിൽ ഇല്ലായിരുന്നു.

### മതപരിവർത്തന നിരോധന ആക്റ്റ്

ഒരു വർഷം പിന്നിട്ട് 2021 ൽ ആയിരുന്നു 'മതപരിവർത്തന നിരോധന നിയമം' എന്ന പേരിലറിയപ്പെടുന്ന 'The Karnataka Protection of Right to Freedom of Religion Act' എന്ന നിയമം കൊണ്ടുവന്നത്. സംസ്ഥാനത്താകമാനം 'ലവ് ജിഹാദ്' വർധിച്ചിരിക്കുകയാണെന്നും ഹിന്ദു പെൺകുട്ടികളെ പ്രണയം നടിച്ച് വശീകരിച്ച് മതം മാറ്റുകയാണെന്നും ആരോപിച്ചുകൊണ്ടായിരുന്നു പുതിയ നിയമം കൊണ്ടുവന്നത്. എന്നാൽ ഈ നിയമത്തിലൂടെ മുസ്‌ലിം സമുദായത്തെയും ഇതര ന്യൂനപക്ഷങ്ങളെയും തെരുവിൽ കൊണ്ടുവരാൻ ബിജെപിക്ക് സാധിച്ചിരുന്നില്ല. വൈകാരിക പ്രതികരണങ്ങൾക്കെതിരെ പണ്ഡിതന്മാരും മത, രാഷ്ട്രീയ നേതാക്കളും ന്യൂനപക്ഷങ്ങളെ ഉദ്ബുദ്ധരാക്കിയിരുന്നു.

### ഹിജാബ് -ഹലാൽ- അദാൻ നിരോധനങ്ങൾ

2022 ന്റെ തുടക്കത്തിലാണ് മുസ്‌ലിം പെൺകുട്ടികളുടെ ശിരോവസ്ത്രം (ഹിജാബ്) നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങിയത്. എന്നാൽ നിരോധനത്തിനെതിരെ ഹൈക്കോടതിയിലും പിന്നീട് സുപ്രീം കോടതിയിലും ഹരജി നൽകുകയും മുസ്‌ലിം പെൺകുട്ടികൾ ഭാഗിക വിജയം കൈവരിക്കുകയും ചെയ്തത് ബിജെപിയെ ചൊടിപ്പിച്ചിട്ടുണ്ട്. അതേവർഷം തന്നെയാണ് 'ഹലാൽ' സർട്ടിഫിക്കേഷൻ നിരോധിക്ക

**രാജ്യത്തുടനീളം വർഗീയതയുടെയും അസഹിഷ്ണുതയുടെയും തീതുപ്പുന്ന പ്രസ്താവനകളുമായി ഊരുചുറ്റിക്കൊണ്ടിരുന്ന പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും സംഘപരിവാരങ്ങൾക്കും കനത്ത താക്കീതാണ് കന്നഡ മക്കൾ നൽകിയിരിക്കുന്നത്. കോൺഗ്രസും മതേതരത്വവും മരിച്ചിട്ടില്ല, അവ ഇന്ത്യയുടെ ആത്മാവിൽ വേരൂന്നി നിൽക്കുന്ന ആശയധാരയാണെന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിച്ചിരിക്കുന്നു. ചരിത്രത്തിൽ എന്നെന്നും തിളങ്ങി നിൽക്കുന്ന ഈ വിജയത്തിന്റെ ചുക്കാൻ പിടിച്ച പി.സി.സി അധ്യക്ഷൻ ഡി.കെ.ശിവകുമാറിന്റെയും മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യയുടെയും തൊപ്പിയിൽ ഒരു പൊൻതൂവൽ കൂടി തുന്നിച്ചേർത്തിരിക്കുകയാണ് ഈ തെരഞ്ഞെടുപ്പ് ഫലം.**

ണമെന്ന ആവശ്യവുമായി കർണാടകയിൽ ബിജെപി മന്ത്രിമാരും എംഎൽഎ മാരും രംഗത്ത് വന്നത്. അതിനെത്തുടർന്ന് ബാങ്ക്‌വിളിക്കെതിരെയും നിയമം കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായി. എന്നാൽ ഹൈക്കോടതി ഇടപെടുകയും നിരോധനം എടുത്തുകളയുകയും ചെയ്തു. ക്ഷേത്ര പരിസരങ്ങളിൽനിന്ന് മുസ്‌ലിം കച്ചവടക്കാരെ ഒഴിപ്പിക്കുന്ന നടപടികൾക്കും കർണാടക സാക്ഷിയായി.

**മുസ്‌ലിം സംവരണവും കേരള സ്റ്റോറിയും**

തെരഞ്ഞെടുപ്പിലേക്ക് കർണാടക നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് ആഭ്യന്തരമന്ത്രി അമിത്ഷായുടെ മറ്റൊരു പ്രഖ്യാപനം വന്നത്. കർണാടകയിൽ മുസ്‌ലിം സംവരണം എടുത്തുകളയുമെന്നും മുസ്‌ലിംകൾക്ക് ലഭിച്ചുകൊണ്ടിരുന്ന നാല് ശതമാനം സംവരണം ലിംഗായത്ത്, വൊക്കലിഗ സമുദായങ്ങൾക്ക് വീതിച്ചു നൽകുമെന്നുമായിരുന്നു അത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരുപടി കൂടി കടന്ന് ലവ് ജിഹാദ് അടക്കമുള്ള വിഷയങ്ങളെ പ്രചാരണ ആയുധമാക്കുകയും വർഗീയ വിഷം തുപ്പുന്ന 'ദ കേരള സ്റ്റോറി' എന്ന സിനിമ എല്ലാവരും കാണണം എന്ന് ആഹ്വാനം ചെയ്യുക കൂടി ചെയ്തപ്പോൾ കാര്യങ്ങൾ അതിന്റെ പരകോടിയിലെത്തി. ജനഹൃദയങ്ങളിൽ വർഗീയ വിഷം നിറച്ചതുകൊണ്ട് അവരുടെ ആമാശയങ്ങളെ നിറക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കാൻ ബിജെപി നേതാക്കൾക്ക് സാധിച്ചില്ല. എല്ലാ മേഖലകളിലും അഴിമതി കൊടികുത്തി വാഴുകയും ചെയ്തപ്പോൾ ജനങ്ങൾ പൊറുതിമുട്ടി. ഏതൊരു കരാറിനും നാൽപത് ശതമാനം കമ്മീഷൻ എന്ന അപ്രഖ്യാപിത 'അവിഹിതം' കാരണം പൂർത്തിയാക്കപ്പെടേണ്ട നിരവധി പ്രൊജക്റ്റുകൾ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. '40% സർക്കാർ' എന്ന അപഖ്യാതി ബാസവരാജ ബൊമ്മെ നേതൃത്വം നൽകിയിരുന്ന സർക്കാരിന്റെ ഇരട്ടപ്പേരായി മാറുകയും ചെയ്തു.

**കർണാടകയിൽ മുസ്‌ലിം സംവരണം എടുത്തുകളയുമെന്നും മുസ്‌ലിംകൾക്ക് ലഭിച്ചുകൊണ്ടിരുന്ന നാല് ശതമാനം സംവരണം ലിംഗായത്ത്, വൊക്കലിഗ സമുദായങ്ങൾക്ക് വീതിച്ചു നൽകുമെന്നുമായിരുന്നു അത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരുപടി കൂടി കടന്ന് ലവ് ജിഹാദ് അടക്കമുള്ള വിഷയങ്ങളെ പ്രചാരണ ആയുധമാക്കുകയും വർഗീയ വിഷം തുപ്പുന്ന 'ദ കേരള സ്റ്റോറി' എന്ന സിനിമ എല്ലാവരും കാണണം എന്ന് ആഹ്വാനം ചെയ്യുക കൂടി ചെയ്തപ്പോൾ കാര്യങ്ങൾ അതിന്റെ പരകോടിയിലെത്തി. ജനഹൃദയങ്ങളിൽ വർഗീയ വിഷം നിറച്ചതുകൊണ്ട് അവരുടെ ആമാശയങ്ങളെ നിറക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കാൻ ബിജെപി നേതാക്കൾക്ക് സാധിച്ചില്ല.**

**കർണാടക രാഷ്ട്രീയം, ഒരു ലഘു ചിത്രം**

1952 മുതൽ 1978 വരെ തുടർച്ചയായി സംസ്ഥാനം ഭരിച്ച കോൺഗ്രസിന് ആദ്യമായി ഭരണം നഷ്ടപ്പെട്ടത് 1983 ലായിരുന്നു. നിജലിംഗപ്പ, ദേവരാജ് അരസ്, ഗുണ്ടുറാവു തുടങ്ങിയ പ്രമുഖരിലൂടെ വളർന്നു പന്തലിച്ച കർണാടകയിലെ കോൺഗ്രസിൽ രൂപം കൊണ്ട ആഭ്യന്തര പ്രശ്നങ്ങളും അടിയന്തരാവസ്ഥ സമ്മാനിച്ച ദുരിതങ്ങളും പാർട്ടിക്ക് ക്ഷീണമുണ്ടാക്കിയ സന്ദർഭത്തിൽ രാമകൃഷ്ണ ഹെഗ്ഡെയുടെ നേതൃത്വത്തിൽ 1983ൽ ജനതാപാർട്ടി സംസ്ഥാന ഭരണം പിടിച്ചടക്കുകയായിരുന്നു. കോൺഗ്രസ് ക്ഷീണിച്ചപ്പോൾ ജനത വിജയിക്കുക മാത്രമല്ല, അത് ബിജെപിക്ക് ബീജാവാപം നൽകുകയും ചെയ്തു. ഒന്നുമില്ലാതിരുന്ന ബിജെപി 1983ൽ 18 സീറ്റുകളാണ് നേടിയത്. 1989 ൽ വീരേന്ദ്ര പാട്ടീൽ, എസ്.ബങ്കാരപ്പ, വീരപ്പ മൊയ്‌ലി എന്നിവരിലൂടെ കോൺഗ്രസ് സംസ്ഥാനഭരണം തിരിച്ചുപിടിക്കുകയും ബിജെപിയെ കേവലം 4 എന്ന അക്കത്തിലേക്ക് ഒതുക്കുകയും ചെയ്തുവെങ്കിലും അത് അധികം നീണ്ടുനിന്നില്ല. ജനത മാറി പകരം ജനതാദൾ രൂപം കൊണ്ടത് സംസ്ഥാന രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കി. എച്.ഡി.ദേവഗൗഡയുടെ നേതൃത്വത്തിൽ 1994 ൽ അവർ സംസ്ഥാനഭരണം പിടിച്ചടക്കി. ബാബരി മസ്ജിദിന്റെ തകർച്ച ശേഷം നടന്ന ഈ തെരഞ്ഞെടുപ്പിൽ ബിജെപിയും അവരുടെ സ്വാധീനം



ഗണ്യമായി വർധിപ്പിക്കുകയും 40 സീറ്റുകൾ നേടി കോൺഗ്രസിനെക്കാൾ മുന്നിലെത്തി പ്രധാന പ്രതിപക്ഷ കക്ഷിയായി മാറുകയും ചെയ്തു. കോൺഗ്രസ് അന്ന് 34 സീറ്റുകൾ മാത്രമാണ് നേടിയിരുന്നത്. 1999ൽ എസ്.എം.കൃഷ്ണയിലൂടെ കോൺഗ്രസ് ഭരണം തിരിച്ചുപിടിച്ചെങ്കിലും അപ്പോഴേക്കും പ്രധാന പ്രതിപക്ഷ കക്ഷിയായി ബിജെപി മാറിയിരുന്നു. പ്രധാന പ്രതിപക്ഷമായി വരേണ്ടിയിരുന്ന ജനതാദൾ പിളർന്ന് സെക്കുലർ, യുണൈറ്റഡ് എന്നിങ്ങനെ രണ്ട് കഷ്ണങ്ങളായി മാറിയതും ബിജെപിക്ക് ഗുണകരമായി.

**ബിജെപിയുടെ വളർച്ച കർണാടകയിൽ**

2004 ബിജെപിക്ക് ഏറെ ഭാഗ്യം ലഭിച്ച വർഷമാണ്. കർണാടകയുടെ പൂർണ നിയന്ത്രണം അവരിലേക്ക് വന്നുചേരാൻ സഹായകമായ സംഭവങ്ങൾ അരങ്ങേറിയത് ആ വർഷമാണ്. 2004 ൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും കേവല ഭൂരിപക്ഷം ലഭിച്ചിരുന്നില്ല. ബിജെപി 79, കോൺഗ്രസ് 65, ജനതാദൾ എസ് 58, ജനതാദൾ യു 5, മറ്റുള്ളവർ 17 എന്നിങ്ങനെയായിരുന്നു കക്ഷിനില. കോൺഗ്രസ് ജെഡി എസിന്റെ പിന്തുണ നേടി സർക്കാറുണ്ടാക്കിയെങ്കിലും 2006 ൽ ജെഡിഎസ് കോൺഗ്രസിനുള്ള പിന്തുണ പിൻവലിച്ചു ബിജെപിക്ക് പിന്തുണ നൽകുകയും സർക്കാർ രൂപീകരിക്കുകയും ചെയ്തു.

**ബിജെപി - ജെഡിഎസ് കുതിരക്കച്ചവടം**

ബിജെപി നടത്തിയ കുതിരക്കച്ചവടത്തിൽ ജെഡിഎസ് കൂട്ടുകക്ഷിയായി. ജെഡിഎസ് നേതാവ് എച്ച്.ഡി.കുമാരസ്വാമി മുഖ്യമന്ത്രിയും ബിജെപി നേതാവ് യെദിയൂരപ്പ ഉപമുഖ്യമന്ത്രിയുമായി. ഭരണക്കൊതി പൂണ്ട ജെഡിഎസിന് എന്നാൽ ഈ നീക്കം ഭാവിയിൽ വലിയ നഷ്ടമാണ് വരുത്തിവച്ചത്. അവർ ഉപ്പുവെച്ച കലം പോലെയായി. 2008 ലെ തെരഞ്ഞെടുപ്പിൽ അവർക്ക് കേവലം 28 സീറ്റുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. 110 സീറ്റുകൾ നേടി ബിജെപി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി സംസ്ഥാന ഭരണം കൈപ്പിടിയിൽ ഒതുക്കി. കോൺഗ്രസ് 80 സീറ്റുകൾ നേടി അഭിമാനം കാത്തു. 2013 ൽ സിദ്ദരാമയ്യയുടെ നേതൃത്വത്തിൽ 122 സീറ്റുകളുമായി കോൺഗ്രസ് തിരിച്ചുവരികയും ചെയ്തു. 2018 ൽ 104 സീറ്റ് നേടി ബിജെപി ഏറ്റവും വലിയ കക്ഷിയായെങ്കിലും 80 സീറ്റ് നേടിയ കോൺഗ്രസും 38 സീറ്റ് നേടിയ ജെഡിഎസും ചേർന്ന് സർക്കാറുണ്ടാക്കി. എന്നാൽ ബിജെപിയുടെ കുതിരക്കച്ചവടത്തിൽ സർക്കാർ തകർന്നു. കോൺഗ്രസിൽനിന്നും ജെഡിഎസിൽ നിന്നുമായി 15 എംഎൽഎമാരെ ചാക്കിട്ട് പിടിച്ച് രാജിവെപ്പിക്കുകയും തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ 12 സീറ്റ് കൂടുതൽ ഒപ്പിച്ച് 116 അംഗങ്ങളുടെ ഭൂരിപക്ഷത്തോടെ അവർ സർക്കാർ രൂപീകരിക്കുകയും ചെയ്തു.

**കോൺഗ്രസിൻെറത് അഭിമാന വിജയം**

വർഗീയ ധ്രുവീകരണത്തിലൂടെ കർണാടകയെ കീഴടക്കിയ ബിജെപി ഒരിക്കലും ഇങ്ങനെയൊരു തിരിച്ചടി സ്വപ്നത്തിൽ പോലും കണ്ടിരുന്നില്ല. ദക്ഷിണേന്ത്യയിലെ ബിജെപിയുടെ താക്കോൽ മുറിയായിരുന്നു കർണാടക. കർണാടകയിലൂടെ ദക്ഷിണേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും കടന്നുവരാമെന്നായിരുന്നു അവർ വ്യാമോഹിച്ചിരുന്നത്. കോൺഗ്രസ് തിരിച്ചുവരുമെന്ന് ബിജെപിയോ, എന്തിനേറെ കോൺഗ്രസ് തന്നെയുമോ പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ മെയ് 8 നു തെരഞ്ഞെടുപ്പ് പ്രചാരണം അവസാനിക്കുന്ന ഘട്ടത്തിൽ ചിത്രം പൂർണമായും മാറി. എക്സിറ്റ് പോളുകൾ കോൺഗ്രസിന് അനുകൂലമെന്ന് വിധിയെഴുതി. എന്നിരുന്നാലും കേവലഭൂരിപക്ഷമോ അല്ലെങ്കിൽ ജെഡിഎസുമായി ചേർന്ന് ഒരു സർക്കാറോ മാത്രമായിരുന്നു മാധ്യമങ്ങൾ പോലും പ്രതീക്ഷിച്ചിരുന്നത്. ഇന്ത്യ ടുഡേ 140 വരെ കോൺഗ്രസിന് പ്രവചിച്ചുവെങ്കിലും അത് അതിശയോക്തിപരമാണെന്ന് പലരും കരുതി. 1989 നു ശേഷം കർണാടക കണ്ട ഏറ്റവും മികച്ച നമ്പറിലേക്കാണ് കോൺഗ്രസ് ഇപ്പോൾ കുതിച്ചിരിക്കുന്നത്. 136 സീറ്റുകൾ നേടിയ കോൺഗ്രസ് 1989 ൽ 178 സീറ്റ് നേടിയിരുന്നു. ഈ റിക്കോർഡുകൾ ഭേദിക്കുവാൻ ഇന്നുവരെ ബിജെപിക്കോ ജെഡിഎസിനോ സാധിച്ചിട്ടില്ല.

**കോൺഗ്രസിന് ഇതെങ്ങനെ സാധിച്ചു?**

തെരഞ്ഞെടുപ്പ് ഫലത്തിന് ശേഷം പിസിസി അധ്യക്ഷൻ ഡി.കെ.ശിവകുമാർ നടത്തിയ വികാരനിർഭരമായ പ്രതികരണം കോൺഗ്രസിന്റെ വിജയരഹസ്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുന്നുണ്ട്. 'കൂട്ടായ പരിശ്രമത്തിന്റെ ഫലം', 'കോൺഗ്രസ് ആയിരുന്നു ഞങ്ങളുടെ വികാരം', 'മതേതരത്വത്തെ തിരിച്ചുപിടിക്കാൻ ഞങ്ങൾ ഒന്നിച്ചു', 'ഇനി ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കണം', 'സോണിയയുടെയും രാഹുലിന്റെയും പ്രിയങ്കയുടെയും സ്നേഹത്തിൽ പൊതിഞ്ഞ പിന്തുണ ഞങ്ങൾക്ക് ആവേശം പകർന്നു'... തുടങ്ങി അദ്ദേഹം നടത്തിയ പ്രസ്താവനകൾ ഇതിനുള്ള ഉത്തരമാണ്. സംസാരത്തിനിടെ വിങ്ങിപ്പൊട്ടിയ അദ്ദേഹത്തെ ശ്രവിച്ചുകൊണ്ടിരുന്ന ശ്രോതാക്കളും സന്തോഷക്കണ്ണീർ പൊഴിച്ചു.

**ജോഡോ യാത്ര ഉയർത്തിവിട്ട വികാരം**

രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയാണ് കന്നഡ മക്കളുടെ മനസ്സുകളിൽ ഇളക്കം സൃഷ്ടിച്ചു തുടങ്ങിയത്. യാത്ര കടന്നുപോയ 20 മണ്ഡലങ്ങളിൽ രണ്ടെണ്ണമൊഴികെ എല്ലാ മണ്ഡലങ്ങളിലും കോൺഗ്രസ് വിജയപതാക നാട്ടി. യാത്രയിലൂടെ രാഹുൽ സൃഷ്ടിച്ച ഓളങ്ങളിൽ പ്രിയങ്കയും സോണിയയും നീന്തിത്തുടിച്ചപ്പോൾ കർണാടകം അവരെ ചേർ

ത്തുപിടിച്ചു. തെരഞ്ഞെടുപ്പിൽ അതൊരു കോൺഗ്രസ് വികാരമായി കർണാടകയിലുടനീളം അലയടിച്ചു. സംസ്ഥാനത്തെ നാഥനില്ലാകളരിയാക്കി മാറ്റിയ ബിജെപിയോടുള്ള അടങ്ങാത്ത രോഷമായി അത് മാറുകയും ചെയ്തു.

**തങ്ങളുടെ കോട്ടകൊത്തളമെന്ന് അവകാശപ്പെടുന്ന, ഹിന്ദുത്വ മുദ്രാവാക്യങ്ങൾ ഏറെ മുഴങ്ങിയിരുന്ന മലേനാട് മേഖലയിൽ പോലും ബിജെപി തകർന്നടിഞ്ഞു. കഴിഞ്ഞ തവണ എല്ലാ സീറ്റുകളിലും ബിജെപി വിജയിച്ച ചിക്കമഗളൂർ ജില്ല പൂർണമായും അവരെ കൈയൊഴിഞ്ഞത് എങ്ങനെയെന്ന് കോൺഗ്രസ് പോലും അതിശയത്തോടെയാണ് കാണുന്നത്. മുഖ്യമന്ത്രി ബൊമ്മെയുടെ ജില്ലയായ ഹാവേരിയിലെ ആറ് മണ്ഡലങ്ങളിൽ അഞ്ചും ബിജെപിയെ കൈവിട്ടു. വർഗീയതയെ മാറടക്കിപ്പിടിച്ച ബിജെപിയോടുള്ള ഒടുങ്ങാത്ത രോഷമാണ് അവരുടെ കോട്ടകളിൽ പോലും പ്രകടമായത്. അങ്ങനെ മോദി-യോഗി-അമിത് പ്രഭാവങ്ങൾ കർണാടകയോടെ തിരശ്ശീലക്ക് പിന്നിലേക്ക് മറഞ്ഞു.**

### കോൺഗ്രസ് നൽകിയ വാഗ്ദാനങ്ങൾ

രാഹുൽ ഉയർത്തിയ ആവേശത്തിൽ മാത്രം അഭിരമിക്കുകയായിരുന്നില്ല കർണാടകയിലെ കോൺഗ്രസ് നേതാക്കളും പ്രവർത്തകരും. വിജയത്തിനാവശ്യമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് ഫീൽഡ് വർക്കിലൂടെ അവർ മനസ്സിലാക്കി. ബിജെപിയുടെ വർഗീയ പ്രചാരണങ്ങളെ അതിജയിക്കണമെങ്കിൽ സ്നേഹത്തിന്റെ തുരുത്തുകൾ സൃഷ്ടിക്കണമെന്ന് അവർ മനസ്സിലാക്കി. പ്രാദേശിക വിഷയങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള പ്രചാരണവും വർഗീയതയോട് അണുഅളവ് സന്ധിയാവുകയില്ല എന്ന പ്രഖ്യാപനവും ജനങ്ങളുടെ മനസ്സറിഞ്ഞുകൊണ്ടുള്ള വാഗ്ദാനങ്ങളുമാണ് വിജയിക്കാനാവശ്യമായ ഘടകങ്ങളെന്ന് അവർ മനസ്സിലാക്കി. മെയ് 2 ന് പുറത്തിറക്കിയ പ്രകടനപത്രികയിൽ കോൺഗ്രസ് പ്രധാനമായും ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്കാണ് ഊന്നൽ നൽകിയത്. സൗജന്യ വൈദ്യുതി, സ്ത്രീകൾക്ക് പ്രതിമാസ അലവൻസ്, തൊഴിൽരഹിതരായ യുവാക്കൾക്ക് സ്റ്റൈപ്പൻഡ്, പാവപ്പെട്ടവർക്ക് എല്ലാ മാസവും 10 കിലോ സൗജന്യ അരി തുടങ്ങിയ ജനക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്ന പദ്ധതികൾ പ്രകടനപത്രികയിൽ ഇടം പിടിച്ചു.

### ബജ്റംഗ്ദൾ നിരോധനം

പ്രകടനപത്രികയിൽ പിഎഫ്ഐ, ബജ്റംഗ്ദൾ തുടങ്ങിയ എല്ലാ തീവ്രവാദ സംഘങ്ങളെയും നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. രാജ്യം പിഎഫ്ഐയെ നിരോധിച്ചത് അതിന്റെ തീവ്ര ഭീകര സ്വഭാവങ്ങൾ കാരണമാണ്. എങ്കിൽ അതൊരു പിഎഫ്ഐയിൽ മാത്രം ഒതുങ്ങില്ല, അനവധി ഭീകരപ്രവർത്തനങ്ങൾക്ക് കാരണമായ ബജ്റംഗ്ദൾ പോലെയുള്ള എല്ലാ സംഘടനകളെയും നിരോധിക്കണമെന്നത് രാജ്യ താല്പര്യമായാണ് കാണേണ്ടത്. കോൺഗ്രസ് പ്രകടന പത്രിക പറയുന്നത് ഇങ്ങനെയാണ്: 'ബജ്റംഗ്ദൾ, പിഎഫ്ഐ പോലുള്ള സംഘടനകൾ, അവ ഭൂരിപക്ഷമോ ന്യൂനപക്ഷമോ ആവട്ടെ, പവിത്രമായ ഭരണഘടനയും നിയമങ്ങളും ലംഘിച്ചുകൊണ്ടും ശത്രുതയും വിദ്വേഷവും പ്രോത്സാഹിപ്പിച്ചുകൊണ്ടും പ്രവർത്തിക്കാൻ അവക്ക് അനുമതി നൽകാൻ കഴിയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.'

### മോദിയുടെ തെറ്റിദ്ധരിപ്പിക്കൽ

ബജ്റംഗ്ദൾ നിരോധനം പ്രകടനപത്രികയിൽ വന്നതോടെ മോദി കർണാടകയിലെ സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കാൻ തുടങ്ങി. 'ബജ്റംഗ് ബലി' അഥവാ ഹനുമാൻ സ്വാമിയെ നിരോധിക്കുമെന്നാണ് കോൺഗ്രസ് പറയുന്നത് എന്നായിരുന്നു മോദിയുടെ പ്രസംഗം. കോൺഗ്രസിന് മറുപടിയായി വോട്ട് ചെയ്യുമ്പോൾ 'ജയ് ബജ്റംഗ് ബലി' എന്ന് പറഞ്ഞുകൊണ്ട് വോട്ട് ചെയ്യണമെന്നായിരുന്നു മോദിയുടെ ആഹ്വാനം. ബജ്റംഗ്ദളും ബജ്റംഗ് ബലിയും എന്താണെന്ന് കർണാടകയിലെ ഹൈന്ദവ വിശ്വാസികൾക്ക് പറഞ്ഞു കൊടുക്കേണ്ടതില്ല. അവരുടെ ആരാധനാ മൂർത്തിയായ ബജ്റംഗ് ബലി എന്ന ഹനുമാൻ സ്വാമിയെ കർണാടകയുടെയും രാജ്യത്തിന്റെയും സമാധാനം കെടുത്തുന്ന ബജ്റംഗ്ദൾ എന്ന ഭീകര സംഘടനയോട് താരതമ്യം ചെയ്തതിന് അവർ ബാലറ്റിലൂടെ പകരം വീട്ടി. കോൺഗ്രസിന്റെ നിരോധന പ്രഖ്യാപനം കോൺഗ്രസിനകത്തും കോൺഗ്രസിനെ സ്നേഹിക്കുന്നവരിലും അല്പം ആശങ്ക ഉണ്ടാക്കിയിരുന്നു. പ്രഖ്യാപനം മോദി ഏറ്റെടുത്ത് അതൊരു ഹൈന്ദവ വികാരമാക്കി ആളിക്കത്തിക്കുമോ എന്ന ആശങ്കയായിരുന്നു അത്. രാജ്യത്തെ പല മീഡിയകളും ആ ആശങ്ക പങ്കുവെച്ചു. എന്നാൽ കോൺഗ്രസ് ഉറച്ചു നിന്നു. ബജ്റംഗ്ദൾ നിരോധിക്കപ്പെടേണ്ട ഭീകര സംഘടനയാണ് എന്ന നിലപാടിൽ അവർ ഉറച്ചു നിന്നു. ഉറച്ച നിലപാടിനായിരുന്നു കർണാടകയിലെ ഹൈന്ദവ വിശ്വാസികൾ വോട്ട് രേഖപ്പെടുത്തിയത്.

### മോദിയുടെ റോഡ് ഷോ; അമിത്ഷായുടെയും

ബിജെപിക്ക് തങ്ങളുടെ ഗോഡ്ഫാദറായ മോദിയായിരുന്നു പ്രചാരണത്തിന് ആശ്രയം. മോദി വന്നാൽ കർണാടക ഇളകിമറിയു

മെന്ന് അവർ പ്രതീക്ഷിച്ചു. അമിതപ്രതീക്ഷയാൽ തെരഞ്ഞെടുപ്പിന്റെ അവസാന പത്ത് ദിവസങ്ങൾ അവർ മോദിക്ക് നൽകി. ഒമ്പത് റാലികളും ആറ് റോഡ്ഷോകളും മോദിയെ വെച്ചവർ നടത്തി. രണ്ടാം മോദി എന്നറിയപ്പെടുന്ന യോഗി ആദിത്യനാഥായിരുന്നു മറ്റൊരു സ്റ്റാർ കാമ്പയ്നർ. അമിത്ഷാ അടക്കമുള്ള കേന്ദ്രമന്ത്രിമാർ തലങ്ങും വിലങ്ങും ഓടി. കേന്ദ്രമന്ത്രിമാരും ബിജെപി കേന്ദ്ര നേതാക്കളും പങ്കെടുത്ത 206 റാലികൾ നടന്നു. ആവനാഴിയിലെ സകല അസ്ത്രങ്ങളെടുത്ത് പയറ്റിയിട്ടും ഒടുവിൽ ബിജെപി 66 എന്ന അക്കത്തിൽ ഒടുങ്ങി. തങ്ങളുടെ കോട്ടകൊത്തളമെന്ന് അവകാശപ്പെടുന്ന, ഹിന്ദുത്വ മുദ്രാവാക്യങ്ങൾ ഏറെ മുഴങ്ങിയിരുന്ന മലേനാട് മേഖലയിൽ പോലും ബിജെപി തകർന്നടിഞ്ഞു. കഴിഞ്ഞ തവണ എല്ലാ സീറ്റുകളിലും ബിജെപി വിജയിച്ച ചിക്കമഗളൂർ ജില്ല പൂർണമായും അവരെ കൈയൊഴിഞ്ഞത് എങ്ങനെയെന്ന് കോൺഗ്രസ് പോലും അതിശയത്തോടെയാണ് കാണുന്നത്. മുഖ്യമന്ത്രി ബൊമ്മെയുടെ ജില്ലയായ ഹാവേരിയിലെ ആറ് മണ്ഡലങ്ങളിൽ അഞ്ചും ബിജെപിയെ കൈവിട്ടു. വർഗീയതയെ മാറടക്കിപ്പിടിച്ച ബിജെപിയോടുള്ള ഒടുങ്ങാത്ത രോഷമാണ് അവരുടെ കോട്ടകളിൽ പോലും പ്രകടമായത്. അങ്ങനെ മോദി-യോഗി-അമിത് പ്രഭാവങ്ങൾ കർണാടകയോടെ തിരശ്ശീലക്ക് പിന്നിലേക്ക് മറഞ്ഞു.

### പാളിപ്പോയ സംവരണ സ്ട്രാറ്റജി

മുസ്‌ലിം സംവരണം എടുത്തുകളഞ്ഞത് ലിംഗായത്ത് സമുദായത്തെ പ്രീണിപ്പിക്കാൻ വേണ്ടിയായിരുന്നു. എന്നാൽ അവർക്കേറെ സ്വാധീനമുള്ള വടക്കൻ ജില്ലകളായ ബേലാഗാവി, ധർവാഡ്, ഗഡാഗ് എന്നിവിടങ്ങളിൽ കോൺഗ്രസ് വൻവിജയം നേടിയത് ബിജെപിയുടെ പ്രീണന രാഷ്ട്രീയത്തെ കോൺഗ്രസ് അതിജയിച്ചു എന്നാണ് തെളിയിക്കുന്നത്. ലിംഗായത്, വൊക്കലിഗ, മുസ്‌ലിം, ക്രിസ്ത്യൻ, ദളിത് വിഭാഗങ്ങൾ, ഭൂരിപക്ഷ ഹൈന്ദവ വിഭാഗങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളിൽ നിന്നും ഒരുപോലെ കോൺഗ്രസിന് പിന്തുണ ലഭിച്ചതാണ് കോൺഗ്രസിന്റെ ഐതിഹാസിക വിജയത്തിന് പിന്നിലെന്ന് നിസ്സംശയം പറയാം.

### എന്തിനോ തിളയ്ക്കുന്ന സാമ്പാറുകൾ!

കർണാടകയിലെ പ്രധാന പാർട്ടികൾ കോൺഗ്രസ്, ബിജെപി, ജെഡിഎസ് എന്നിവയാണ്. ഒരു കാലത്ത് സംസ്ഥാനം ഭരിച്ചിരുന്ന ജനതയാണ് പിൽക്കാലത്ത് 1994 ൽ എച്ച്.ഡി.ദേവഗൗഡയുടെ നേതൃത്വത്തിൽ ഭരിച്ച ജനതാദൾ. എന്നാൽ പിന്നീട് സെകുലർ, യുണൈറ്റഡ് എന്നിങ്ങനെ ജനതാദൾ രണ്ട് കഷ്ണമായി. യുണൈറ്റഡ് പിന്നീട് നാമാവശേഷമായെങ്കിലും സെക്കുലർ അഥവാ ജെഡിഎസ് പിടിച്ചു നിന്നു. കോൺഗ്രസിനെ അധികാരത്തിൽ നിന്നും തറ പറ്റിക്കുകയും സാധ്യമായ വിധത്തിൽ ബിജെപിയെ സഹായിക്കുകയും ചെയ്യുക എന്ന ദൗത്യം മാത്രമായിരുന്നു പിന്നീട് അവർക്ക് നിർവഹിക്കാനുണ്ടായിരുന്നത്. 2004 ൽ 58 സീറ്റ് വരെ പിടിച്ചു നിന്ന അവർ ബിജെപിക്ക് ദാസ്യവേല ചെയ്തു തുടങ്ങിയത് മുതൽ ദുർബലമായി. 2018 ൽ 38 സീറ്റുകൾ നേടിയ അവരുടെ സീറ്റുകളുടെ എണ്ണം നേർപകുതിയായി. അധികാരത്തിലെത്താനുള്ള കുറുക്കുവഴി എന്നതിൽ കവിഞ്ഞ് വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാട് രൂപീകരിക്കാനോ പ്രചരിപ്പിക്കാനോ സാധിക്കാതെ എന്തിനോ വേണ്ടി തിളയ്ക്കുന്ന അവസ്ഥയിലേക്ക് ജനതാദൾ സെക്കുലർ മാറി എന്നതാണ് ഇന്ന് അവർ അനുഭവിക്കുന്ന പ്രശ്നം. അവരുടെ ശക്തി കേന്ദ്രങ്ങളായി അറിയപ്പെടുന്ന മൈസൂരു, ഹസ്സാൻ, മാണ്ഡ്യ എന്നിവിടങ്ങളിലെല്ലാം കോൺഗ്രസ് വേരുപിടിച്ചുകഴിഞ്ഞു.

### 'ദേശീയ' പാർട്ടികളും രംഗത്ത്

പ്രബലമായ ഈ മൂന്ന് പാർട്ടികൾക്ക് പുറമെ കുറെ 'ദേശീയ' പാർട്ടികളും ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നു. കർണാടക സംസ്ഥാനത്ത് യാതൊരുവിധ സ്വാധീനവുമില്ലാത്ത ഈ പാർട്ടികൾ കേവലം സാന്നിധ്യമറിയിക്കാൻ വേണ്ടി മാത്രമാണ് മത്സരിച്ചത്. 208 സീറ്റുകളിൽ മത്സരിച്ച ആം ആദ്മി പാർട്ടി, 131 സീറ്റുകളിൽ മത്സരിച്ച ബഹുജൻ സമാജ് പാർട്ടി എന്നിവക്ക് പുറമെ എൻസിപി, സമാജ്‌വാദി പാർട്ടി, സിപിഎം, സിപിഐ, ശിവസേന എന്നീ പാർട്ടികളെല്ലാം മത്സരരംഗത്തുണ്ടായിരുന്നു. എന്നാൽ ഇവയിലാർക്കും തന്നെ കെട്ടി വെച്ച കാശ് പോലും കിട്ടിയിട്ടില്ല. ഏതൊരു പാർട്ടിക്കും വ്യക്തിക്കും മത്സരിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട് എന്നത് നിഷേധിക്കുന്നില്ല. പക്ഷേ, എന്താണ് ലക്ഷ്യം എന്നു കൂടി അറിയേണ്ടതുണ്ട്. മുകളിൽ പറയപ്പെട്ട പാർട്ടികൾ എല്ലാവരും ബിജെപിക്കെതിരെ പ്രതിപക്ഷ കക്ഷികൾ ഒന്നിക്കണമെന്ന് പ്രസ്താവന ഇറക്കുന്നവരാണ്. പലപ്പോഴും ബിജെപി രക്ഷപ്പെടുന്നത് ചില്ലറ വോട്ടുകൾക്കാണ് എന്ന് ഓർക്കേണ്ടതുണ്ട്. ഉദാഹരണമായി ജയനഗർ മണ്ഡലത്തിൽ കേവലം 16 വോട്ടിനാണ് ബിജെപി ജയിച്ചത്. അവിടെ മുകളിൽ സൂചിപ്പിച്ച പാർട്ടികളിൽ ചിലർക്ക് മൊത്തമായി ലഭിച്ച വോട്ട് 777 ആണ്. ഇതുപോലെ ബിജെപി തുച്ഛം വോട്ടിന് വിജയിച്ച എത്രയോ ഉദാഹരണങ്ങൾ കാണാൻ കഴിയും.

### നൂറോളം പ്രാദേശിക പാർട്ടികൾ

ഈ പാർട്ടികൾക്ക് പുറമെ കർണാടകയിലെ നൂറോളം പ്രാദേശിക പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ട് എന്നത് ഏതൊരു ജനാധിപത്യ ബോധമുള്ള മനുഷ്യന്റെയും കണ്ണ് തുറപ്പിക്കുന്നതാണ്. ഇതിൽ ചിലയിടങ്ങളിൽ ശക്തമായ സ്വാധീനമുള്ളവയും ഒരു സ്ഥലത്തും ഒരു സ്വാധീനവും

ഇല്ലാത്തവയുമുണ്ട്. രണ്ട് മണ്ഡലങ്ങളിൽ മാത്രമാണ് ഈ പാർട്ടികൾ വിജയം കണ്ടത്. ബെല്ലാരി ജില്ലയിലെ ഗംഗാവതി മണ്ഡലത്തിൽ വിജയിച്ച ‘കല്യാണ രാജ്യ പ്രഗതി പക്ഷ’ (കെആർപിപി) പാർട്ടിയുടെ ജി.ജനാർദ്ദന റെഡ്ഡി മുൻ ബിജെപി അംഗമായിരുന്നു. ബിജെപിയുടെ റിസോർട്ട് രാഷ്ട്രീയത്തിന്റെ പ്രധാന കണ്ണിയായിരുന്ന റെഡ്ഡിക്കെതിരെ നിരവധി അഴിമതി ആരോപണങ്ങൾ നിലനിൽക്കുന്നുണ്ട്. മാണ്ഡ്യ ജില്ലയിലെ മേലുകോട്ട മണ്ഡലത്തിൽ നിന്നും വിജയിച്ചത് സർവോദയ കർണാടക പക്ഷയാണ്. ജെഡിഎസിന്റെ ശക്തിദുർഗമായ മേലുകോട്ട സീറ്റ് പിടിച്ചെടുക്കാൻ കോൺഗ്രസ് സർവോദയക്ക് പിന്തുണ നൽകുകയായിരുന്നു.

**മുസ്‌ലിം ആഭിമുഖ്യമുള്ള പാർട്ടികൾ**

മുസ്‌ലിം സമുദായത്തെ പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ടും അവർക്കെതിരെ നിയമങ്ങൾ നിർമിച്ചുകൊണ്ടുമാണ് ബിജെപി അഞ്ച് വർഷക്കാലം ഭരിച്ചത്. അതുകൊണ്ടുതന്നെ ബിജെപി ഭരണം അവസാനിക്കേണ്ട ഏറ്റവും വലിയ ആവശ്യം മുസ്‌ലിംകളുടേതാണ്. ബിജെപിയെ തറപറ്റിക്കാൻ പ്രബലമായ മതനിരപേക്ഷ പാർട്ടിക്ക് പിന്തുണ നൽകുക എന്നതാണ് പ്രായോഗികമായ കാര്യം. ഉത്തരേന്ത്യയിൽ ബിജെപി മുസ്‌ലിം സമുദായത്തിന്റെ വോട്ടുകളെ ഭിന്നിപ്പിച്ചാണ് വിജയം കൊയ്യുന്നത്. സമാനമായ സാഹചര്യം കർണാടകയിലും അവർ ഉണ്ടാക്കിയെടുത്തിരുന്നു. മുസ്‌ലിം വൈകാരികതയെ ഉയർത്തിക്കാട്ടിയാൽ മുസ്‌ലിം പാർട്ടികൾ മത്സര രംഗത്തേക്ക് കടന്നുവരുമെന്ന് അവർക്കറിയാം.

എസ്ഡിപിഐ, വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ, ആൾ ഇന്ത്യ മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ, അഖില ഭാരതീയ മുസ്‌ലിം ലീഗ്, ആൾ ഇന്ത്യ മജ്‌ലിസെ ഇങ്കിലാബെ മില്ല, ആൾ ഇന്ത്യ ഉലമ കോൺഗ്രസ് എന്നിവയാണ് മുസ്‌ലിം ആഭിമുഖ്യമുള്ള പാർട്ടികളായി മത്സര രംഗത്തുണ്ടായിരുന്നത്. ഇവക്ക് ഒന്നിനും തന്നെ കർണാടക രാഷ്ട്രീയത്തിലോ കർണാടകയിലെ മുസ്‌ലിം ജനതയിലോ യാതൊരു സ്വാധീനവുമില്ല എന്ന് അവർക്ക് തന്നെ അറിയാം. ഈ തെരഞ്ഞെടുപ്പിൽ അവരുടെ വോട്ടുകൾ ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉണ്ടാക്കിയതായി കാണുന്നുമില്ല. എന്നാൽ ഇത്തരം പാർട്ടികളുടെ തെരഞ്ഞെടുപ്പ് സാന്നിധ്യം മതേതര കക്ഷികളിൽ ആശങ്കയുളവാക്കുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് മുസ്‌ലിം സമുദായം ഭീതിജനകമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്ന ഒരു സംസ്ഥാനത്ത് യാതൊരു ആലോചനയുമില്ലാതെ, വിജയ സാധ്യതയുള്ള മതനിരപേക്ഷ കക്ഷിയുടെ പരാജയത്തിന് ഹേതുവായേക്കാവുന്ന ഇത്തരം നടപടികൾ അപകടവും വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നവയുമാണെന്ന കാര്യത്തിൽ സംശയമില്ല.

**സിന്ദൂരമണിഞ്ഞ ഹൈന്ദവ സഹോദരിമാരും പർദയണിഞ്ഞ മുസ്‌ലിം സഹോദരിമാരും കുരിശണിഞ്ഞ ക്രൈസ്തവ സഹോദരിമാരും ഒരുപോലെ തെരഞ്ഞെടുപ്പ് വിജയാഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ട് അവരുടെ സന്തോഷം പങ്കിടുന്നു. ഇതാണ് കർണാടകക്ക് പറയാനുള്ള റിയൽ സ്‌റ്റോറി. സംഘ് പരിവാറിന്റെ ഫെയ്ക് സ്‌റ്റോറികളെ ദക്ഷിണേന്ത്യയിൽ നിന്നും കെട്ടുകെട്ടിച്ച കന്നഡ മക്കൾ ദക്ഷിണേന്ത്യയുടെ പാരമ്പര്യം വിളിച്ചോതുന്ന സ്‌നേഹത്തിന്റെയും സഹിഷ്ണുതയുടെയും റിയൽസ്‌റ്റോറികൾ ഭാരതീയ ഹൃദയങ്ങളിലേക്ക് പകർന്നുകൊടുക്കുകയാണ്.**

**കോൺഗ്രസിന്റെ കൈയിലെ ഭാവി കർണാടക**

കോൺഗ്രസിന് അധികാരം ലഭിച്ചതിൽ രാജ്യത്തെ മതേതര സമൂഹം ഏറെ സന്തോഷത്തിലും ആശ്വാസത്തിലുമാണ്. മിസോറാം, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, രാജസ്ഥാൻ, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽ അടുത്ത മാസങ്ങളിൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പുകൾക്ക് കർണാടക ഫലം ഒരു സൂചകമായിരിക്കും. അടുത്ത വർഷം നടക്കാനിരിക്കുന്ന രാജ്യത്തെ ഭാവി നിർണയിക്കുന്ന പൊതുതെരഞ്ഞെടുപ്പിലേക്കുള്ള ഒരു കുതിപ്പായി കോൺഗ്രസിനും മതേതര കക്ഷികൾക്കും ഈ ഫലത്തെ കാണാനാവും. വളരെ അടുക്കും ചിട്ടയോടും അച്ചടക്കത്തോടും കൂടി കർണാടക കോൺഗ്രസ് നടത്തിയ പ്രവർത്തനങ്ങൾ രാജ്യത്തെ ഇതര പിസിസികൾക്കും മാതൃകയാണ്. ഗ്രൂപ്പ് വഴക്കുകളും തമ്മിലടിയും അവസാനിപ്പിച്ച് രാജ്യത്തിന്റെയും ജനങ്ങളുടെയും താത്പര്യമനുസരിച്ച് പ്രവർത്തിച്ചാൽ ജനങ്ങൾ കൂടെ നിൽക്കും എന്നതിനുള്ള ജീവിക്കുന്ന ഉദാഹരണമാണ് കർണാടക തെരഞ്ഞെടുപ്പും കർണാടകയിലെ കോൺഗ്രസ് നേതാക്കളും പ്രവർത്തകരും.എന്നാൽ ഈ ഒരു വർഷത്തിനിടയിൽ കോൺഗ്രസ് കർണാടകയിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെ ആശ്രയിച്ചായിരിക്കും കർണാടകയുടെയും രാജ്യത്തിന്റെയും ഭാവി. മുസ്‌ലിം സംവരണം എടുത്തുകളഞ്ഞ ബിജെപി സർക്കാറിന്റെ നടപടി റദ്ദ് ചെയ്യുമെന്ന് കോൺഗ്രസ് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്.

**ഹിജാബ് നിരോധിച്ചവൻ പുറത്ത് ഹിജാബ് ധരിച്ചവൾ അകത്ത്**

കർണാടകയിലെ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം നിരോ

ധിച്ച വിദ്യാഭ്യാസമന്ത്രി ബി.സി. നാഗേഷ് തിപ്തുർ മണ്ഡലത്തിൽ പരാജയപ്പെട്ടത് ഇരുപതിനായിരത്തോളം വോട്ടിനാണ്. അതേസമയം കഴിഞ്ഞ അഞ്ച് വർഷക്കാലം ശിരോവസ്ത്രം ധരിച്ച് കോൺഗ്രസിന്റെ 'ഹിജാബ് മുഖ'മായി നിയമസഭയിലിരുന്ന വനിതാ അംഗം കനീസ് ഫാത്തിമ ബിജെപിയുടെ ശക്തികേന്ദ്രമായ ഗുൽബർഗ നോർത്തിൽ വീണ്ടും വിജയിക്കുകയും ചെയ്തു. വിദ്യാലയങ്ങളിൽ ഹിജാബിനേർപ്പെടുത്തിയ വിലക്ക് റദ്ദ് ചെയ്യുമെന്ന് കനീസ് ഫാത്തിമയുടെ പ്രഖ്യാപനവും ഇതിനകം വന്നു കഴിഞ്ഞു. ഹിജാബ് സുപ്രീം കോടതിയുടെ പരിഗണനയിലുള്ള വിഷയമാണ്. ഒരു വിശാല ബെഞ്ച് രൂപീകരിച്ച് പുതുതായി വാദം കേൾക്കാനും അന്തിമ വിധി പ്രഖ്യാപിക്കാനുമിരിക്കെയാണ് കർണാടകയിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. പുതിയ കോൺഗ്രസ് സർക്കാർ ഹിജാബ് നിരോധനം പിൻവലിക്കുന്നതോടെ സുപ്രീം കോടതിയിൽ പുതിയ വാദമുഖങ്ങൾ തുറക്കാനിടയില്ല. അതുവഴി കോടതിക്കും അതൊരു ആശ്വാസമാവാൻ സാധ്യതയുണ്ട്.

സംഘ്പരിവാർ സംസ്ഥാനത്ത് ചെയ്തുവെച്ച മുഴുവൻ വർഗീയ വിധ്വംസക പ്രവർത്തനങ്ങളെയും ഇല്ലാതാക്കാൻ കോൺഗ്രസിന് കഴിയേണ്ടതുണ്ട്. അവർ ചെയ്തുവെച്ച ഓരോ ദ്രോഹനടപടികളും 'അൺഡു' അടിച്ച് പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരിക അത്ര എളുപ്പമുള്ള കാര്യമല്ല. അതോടൊപ്പം ഹിന്ദുത്വവാദികൾക്ക് കൂടുതൽ അവസരം നല്കാതിരിക്കാനുള്ള ജാഗ്രതയും ഉണ്ടായിരിക്കണം. എന്നാൽ വർഗീയ വിധ്വംസക പ്രവർത്തനങ്ങളോട് ഒരു നിലക്കും രാജിയാവാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. സിദ്ദരാമയ്യക്കും ശിവകുമാറിനും അത് സാധിക്കും.

**ന്യൂനപക്ഷ പ്രാതിനിധ്യം കയ്യാലപ്പുറത്ത്**

സംസ്ഥാന നിയമസഭയിലേക്ക് കോൺഗ്രസ് ഇത്തവണ 14 മുസ്‌ലിംകൾക്കും ഒരു ക്രൈസ്തവനുമാണ് അവസരം നൽകിയത്. അതിൽ 9 മുസ്‌ലിംകളും ക്രൈസ്തവനുമടക്കം പത്ത് പേർ മാത്രമാണ് വിജയിച്ചത്. ജെഡിഎസ് 23 മുസ്‌ലിം സ്ഥാനാർഥികൾക്ക് അവസരം നൽകിയിരുന്നുവെങ്കിലും അതൊന്നും ജെഡിഎസ് സ്വാധീന മേഖലകളിൽ ആയിരുന്നില്ല. തോൽക്കാവുന്ന സീറ്റുകളായിരുന്നു മുസ്‌ലിം സ്ഥാനാർത്ഥികൾക്ക് നൽകിയിരുന്നത്.

1978 ൽ ദേവരാജ് അരസിന്റെ കോൺഗ്രസ് സർക്കാരിലായിരുന്നു ഏറ്റവും കൂടുതൽ മുസ്‌ലിം പ്രാതിനിധ്യം. 16 മുസ്‌ലിം എംഎൽഎമാർ ആയിരുന്നു അന്നുണ്ടായിരുന്നത്. രണ്ട് മുസ്‌ലിം അംഗങ്ങൾ മാത്രമുണ്ടായിരുന്ന 1983 ലെ രാമകൃഷ്ണ ഹെഗ്ഡെയുടെ ജനതാ സർക്കാറിന്റെ കാലത്തായിരുന്നു ഏറ്റവും കുറവ്. 2008 ൽ ഒമ്പതും 2013 ൽ പതിനൊന്നും 2018 ൽ ഏഴും മുസ്‌ലിം അംഗങ്ങളാണുണ്ടായിരുന്നത്. സംസ്ഥാനത്ത് 84% ഹിന്ദുക്കളും 13% മുസ്‌ലിംകളും 2% ക്രിസ്ത്യാനികളുമാണുള്ളത്. ഈ കണക്കനുസരിച്ച് 224 അംഗ നിയമസഭയിൽ 29 മുസ്‌ലിം അംഗങ്ങളും 4 ക്രിസ്ത്യൻ അംഗങ്ങളും വേണ്ടതുണ്ട്. ഏന്നാൽ 9 മുസ്‌ലിംകളും ഒരു ക്രിസ്ത്യാനിയും മാത്രമാണ് ഇപ്പോൾ സഭയിലുള്ളത്.

**രാഷ്ട്രീയബോധം ശക്തമാക്കുക**

ഈ പ്രാതിനിധ്യക്കുറവ് പരിഹരിക്കണമെങ്കിൽ ശക്തമായ രാഷ്ട്രീയ ബോധം മുസ്‌ലിംകൾക്കിടയിൽ വളരേണ്ടതുണ്ട്. തീവ്രവാദ സംഘങ്ങൾ ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യങ്ങൾക്ക് പിറകെ പോവാതെ ഹൈന്ദവ ഭൂരിപക്ഷത്തിലെ മതനിരപേക്ഷ കൂട്ടായ്മകളോടും വ്യക്തികളോടും സഹകരിച്ചും ഒന്നിച്ചുനിന്നും ജാതിമത പരിഗണനകളില്ലാതെ അയൽപക്ക കൂട്ടായ്മകൾ സജീവമാക്കിയും കാരുണ്യപ്രവർത്തനങ്ങൾ വർധിപ്പിച്ചും മുസ്‌ലിം സമൂഹം മുന്നേറേണ്ടതുണ്ട്. ജനാധിപത്യബോധം പ്രചരിപ്പിക്കുകയും രാജ്യത്തോടും രാജ്യക്കാരോടുമുള്ള കൂറും ഉത്തരവാദിത്തവും ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ട് പ്രവർത്തിക്കേണ്ടതുണ്ട്. സ്വന്തം അസ്തിത്വത്തെ പണയപ്പെടുത്താതെ, മതവിശ്വാസത്തെ നെഞ്ചോട് ചേർത്ത് പിടിച്ച് മറ്റുള്ളവരുടെ വിശ്വാസങ്ങൾക്ക് നേരെ ജനാധിപത്യപരമായ സമീപനം വെച്ചുപുലർത്തിക്കൊണ്ട് ജീവിക്കുകയും വേണം.

**തിരിച്ചുവരുന്ന മതസൗഹാർദം**

വിവിധ മതവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സൗഹാർദത്തെയാണ് മതസൗഹാർദം എന്ന് വിളിക്കുന്നത്. കർണാടകയുടെ പാരമ്പര്യം മതസൗഹാർദമാണ്. ഏന്നാൽ അതിനെ തകർക്കാൻ വേണ്ടി സംഘ്പരിവാർ നടത്തിയ പരിശ്രമങ്ങൾക്ക് കർണാടകയിലെ ഹൈന്ദവ, മുസ്‌ലിം, ക്രൈസ്തവ സഹോദരങ്ങൾ മറുപടി നൽകിയിരിക്കുകയാണ്. തെരഞ്ഞെടുപ്പ് ഫലം ആഘോഷിക്കുന്ന വീഡിയോകൾ അതാണ് വ്യക്തമാക്കുന്നത്. സിന്ദൂരമണിഞ്ഞ ഹൈന്ദവ സഹോദരിമാരും പർദയണിഞ്ഞ മുസ്‌ലിം സഹോദരിമാരും കുരിശണിഞ്ഞ ക്രൈസ്തവ സഹോദരിമാരും ഒരുപോലെ തെരഞ്ഞെടുപ്പ് വിജയാഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ട് അവരുടെ സന്തോഷം പങ്കിടുന്നത് അതാണ് വ്യക്തമാക്കുന്നത്. ഇതാണ് കർണാടകക്ക് പറയാനുള്ള റിയൽ സ്റ്റോറി. സംഘ്പരിവാറിന്റെ ഫെയ്ക് സ്റ്റോറികളെ ദക്ഷിണേന്ത്യയിൽ നിന്നും കെട്ടുകെട്ടിച്ച കന്നഡ മക്കൾ ദക്ഷിണേന്ത്യയുടെ പാരമ്പര്യം വിളിച്ചോതുന്ന സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും റിയൽസ്റ്റോറികൾ ഭാരതീയ ഹൃദയങ്ങളിലേക്ക് പകർന്നുകൊടുക്കുകയാണ്. ഈ പാരമ്പര്യം കൈമോശം വരാതെ സൂക്ഷിക്കാനും മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്നവരെ തിരിച്ചറിയാനുമുള്ള ജാഗ്രത നിലനിർത്തിയാൽ ഭാരതത്തിന്റെ മഹനീയ പൈതൃകം നിലനിർത്താൻ സാധിക്കും. ■



# അനന്തപ്രപഞ്ചവും ദൈവവും

**ഷാഹുൽ പാലക്കാട്**

> **ഭൗതിക പ്രപഞ്ചം അനന്തമായി നിലനിൽക്കുന്നതാണെങ്കിൽ ചില നിശ്ചിത ഭൗതിക ഗുണങ്ങൾ പ്രകടമാക്കുന്ന പ്രപഞ്ചാവസ്ഥ എന്തുകൊണ്ട് കാണപ്പെടുന്നുവെന്ന് ചോദിക്കാം. ഒരു വിശദീകരണവും ഇല്ലാതെ സ്വയമേ നിലനിൽക്കുകയെന്ന ഗുണം ഭൗതിക വസ്തുക്കളിൽ ആരോപിക്കാൻ കഴിയില്ല എന്നതുകൊണ്ടുതന്നെ ഈ ചോദ്യത്തിന് ഒരു ഉത്തരവും അനിവാര്യമാണ്. ആ നിലയ്ക്ക് പ്രപഞ്ചം അനാദിയായി നിലനിൽക്കുന്നതാണെന്നും അതിനാൽ അതിന് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നും വാദിക്കുന്നതിൽ ഒരർഥവുമില്ല.**

പ്രപഞ്ചത്തിന് അനന്തമായ നിലനിൽപുണ്ടാവുക സാധ്യമല്ലെന്ന് കഴിഞ്ഞ ലക്കത്തിൽ സമർഥിച്ചത് നാം കണ്ടു. പ്രപഞ്ചം അനാദിയല്ലാതിരിക്കേണ്ടത് കോസ്മോളജിക്കൽ ആർഗ്യുമെന്റിനെ യുക്തിപരമായി സ്ഥാപിക്കാൻ അനിവാര്യമാണ്. എന്നാൽ ഡിപ്പന്റൻസി ആർഗ്യുമെന്റിലേക്ക് വന്നാൽ പ്രപഞ്ചം അനാദിയാകുന്നതോ സനാദിയാകുന്നതോ അതിനെ ബാധിക്കുന്നേയില്ല. അതുകൊണ്ട് തന്നെ അനാദിയായ പ്രപഞ്ചത്തിനുപോലും ദൈവം ആവശ്യമാണെന്ന് സ്ഥാപിക്കാൻ ഡിപ്പന്റൻസി ആർഗ്യുമെന്റ് കൊണ്ടു കഴിയുന്നു.

തുടക്കമുള്ളതോ ഇല്ലാത്തതോ ആയ, ഭൗതികഗുണം പ്രകടിപ്പിക്കുന്ന ഏതൊന്നിനും പിന്നിൽ അതിന്റെ വിശദീകരണം എന്നോണം മറ്റൊരസ്തിത്വം വേണ്ടിവരുന്നു എന്ന യുക്തിയെ ആശ്രയിച്ചാണ് ഡിപ്പന്റൻസി വാദം തുടങ്ങുന്നത് തന്നെ. അതിനാൽ അനാദിയായ പ്രപഞ്ചത്തിന് സമാന്തരമായി ദൈവം



അതിന്റെ ഹേതുവായി നിലനിൽക്കുന്നുവെന്ന ചിന്ത ഈ വാദമനുസരിച്ച് സാധ്യമാണ്. ഭൗതിക പ്രപഞ്ചം അനന്തമായി നിലനിൽക്കുന്നതാണെങ്കിൽ ചില നിശ്ചിത ഭൗതികഗുണങ്ങൾ പ്രകടമാക്കുന്ന പ്രപഞ്ചാവസ്ഥ എന്തുകൊണ്ട് കാണപ്പെടുന്നുവെന്ന് ചോദിക്കാം. ഒരു വിശദീകരണവും ഇല്ലാതെ സ്വയമേ നിലനിൽക്കുകയെന്ന ഗുണം ഭൗതിക വസ്തുക്കളിൽ ആരോപിക്കാൻ കഴിയില്ല എന്നതുകൊണ്ടുതന്നെ ഈ ചോദ്യത്തിന് ഒരു ഉത്തരവും അനിവാര്യമാണ്. ആ നിലയ്ക്ക് പ്രപഞ്ചം അനാദിയായി നിലനിൽക്കുന്നതാണെന്നും അതിനാൽ അതിന് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നും വാദിക്കുന്നതിൽ ഒരർഥവുമില്ല.

സമയത്തിന്റെ പരിമിതികളില്ലാതെ കാര്യവും കാരണവും (Cause and Effect) ഒരുപോലെ നിലനിൽക്കാം എന്ന് തത്ത്വശാസ്ത്രപരമായി സ്ഥാപിക്കാൻ കഴിയും. അപ്പോൾ അനാദിയായ പ്രപഞ്ചത്തിന് അനാദിയായ ദൈവം സമാന്തരകാരണമായി നിലനിൽക്കുക സാധ്യമാണ്. ഉദാ: വളരെ സോഫ്റ്റായ ഒരു പഞ്ഞിക്കെട്ടിന് മുകളിൽ വളരെക്കൂടുതൽ ഭാരമുള്ള ഒരു ഇരുമ്പ് ഗോളം കയറ്റി വെച്ചുവെന്നു കരുതുക. സ്വാഭാവികമായും ആ ഇരുമ്പ് ഗോളം പഞ്ഞിക്കെട്ടിൽ അതിരിക്കുന്ന സ്ഥലത്ത് വക്രതയുണ്ടാക്കും. അപ്പോൾ പഞ്ഞിക്കെട്ടിനു മുകളിൽ ആ വക്രതയുണ്ടാകാൻ കാരണമായതാണ് (Cause) ഇരുമ്പ് ഗോളം. ആ കാരണത്തിന്റെ ഫലമായി Effect) ഉണ്ടായതാണ് അതിലെ വക്രത (Curvature).

കാര്യവും കാരണവും സമയത്തിന്റെ പരിമിതിയില്ലാതെ ഒരുപോലെ നിലനിൽക്കാം എന്നതിനുള്ള വ്യക്തമായ ഉദാഹരണമാണിത്. അഥവാ ഇരുമ്പ് ഗോളം കാരണമായി പ്രവർത്തിച്ചതിന്റെ ശേഷമല്ല അതിന്റെ ഫലമായ വക്രത സംഭവിക്കുന്നത്. പഞ്ഞിക്കെട്ടിൽ വക്രതയുണ്ടാകുന്നതിനും ഇരുമ്പ് ഗോളം അതിനു കാരണമായി പ്രവർത്തിക്കുന്നതിനും ഇടയിൽ ഇവിടെ സമയത്തെ അടയാളപ്പെടുത്താൻ കഴിയില്ല. മറിച്ച്, കാര്യവും കാരണവും ഒരുമിച്ചാണ് ഇവിടെ നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതും. കാര്യകാരണ ബന്ധങ്ങൾക്കിടയിൽ സമയം ഒരു അനിവാര്യഘടകമല്ലെന്ന് തെളിയിക്കുകയാണ് ഈ ഉദാഹരണം ചെയ്യുന്നത്. ഇനി ഈ പ്രതിഭാസം അനാദിയായി സംഭവിക്കുന്നതാണെന്ന് സങ്കൽപിച്ചാലും ഇരുമ്പ് ഗോളം കാരണമായി ഉണ്ടാകുന്ന വക്രത അനാദിയായി തന്നെ നിലനിൽക്കുന്നതാണെന്ന് വരും. കാര്യവും കാരണവും അനാദിയായി ഒരുപോലെ നിലനിൽക്കാം എന്ന് ഇത് തെളിയിക്കുന്നു. അപ്പോൾ അനാദിയായ പ്രപഞ്ചത്തിന് അനന്തതയിൽ ദൈവം സമയങ്ങളുടെ പരിമിതിയില്ലാതെ സ്രഷ്ടാവാവുക വ്യക്തമായും സാധ്യമാണ്. അനാദിത്വം ദൈവത്തെ നിഷേധിക്കാൻ പറയാവുന്നൊരു ന്യായമല്ല.

**ആദി കാരണത്തിലേക്ക്**

പ്രപഞ്ചത്തിന്റെ മൂലകാരണമന്വേഷിച്ചുള്ള തത്ത്വശാസ്ത്ര ചിന്തകളെല്ലാം ഒരാദി കാരണത്തിലേക്കെത്തുന്നത് കാണാം. ഈ അന്വേഷണം കോസ്മോളജിക്കൽ വാദം അനുസരിച്ചാണെങ്കിൽ പ്രപഞ്ചത്തിന്റെ കാരണമെന്താണെന്നതിനെ സംബന്ധിച്ച ചോദ്യങ്ങളിൽനിന്ന് അത് തുടങ്ങുന്നു. പ്രപഞ്ചം എങ്ങനെ നിലവിൽ വന്നുവെന്നതിന് പറയാവുന്ന സാധ്യതകൾ ഇവയാണ്:

1. സ്വയം സൃഷ്ടിക്കപ്പെട്ടു.
2. ശൂന്യതയിൽനിന്നും ഒരു കാരണവും പ്രവർത്തിക്കാതെ ഉണ്ടായി വന്നു.
3. ഭൗതികമായ മറ്റൊരു കാരണത്താൽ സൃഷ്ടിക്കപ്പെട്ടു.
4. സൃഷ്ടിക്കപ്പെടാത്ത അഭൗതികമായ ഒരസ്തിത്വം കാരണത്താൽ സൃഷ്ടിക്കപ്പെട്ടു.

*1. പ്രപഞ്ചം സ്വയം സൃഷ്ടിക്കപ്പെട്ടതോ?*

ഇത്തരം ഒരു വാദം ഉന്നയിച്ചുവരുന്നത് യുക്തിപരമായിത്തന്നെ ലളിതമായി മനസ്സിലാക്കാവുന്ന ഒരബദ്ധമാണ്. ഒരു വസ്തുവിന് മറ്റൊന്നിന്റെ കാരണമായി പ്രവർത്തിക്കണമെങ്കിൽ അതിന് ആദ്യം സ്വയംതന്നെ ഒരു നിലനിൽപുണ്ടായിരിക്കുകയാണ് വേണ്ടത്. അപ്പോൾ നിലവിൽ ഇല്ലാത്ത ഒന്നിന് പിന്നെ എങ്ങനെയാണ് സ്വന്തം അസ്തിത്വത്തെ സൃഷ്ടിക്കാൻ കഴിയുക? നിങ്ങളുടെ മാതാവ് എങ്ങനെയുണ്ടായി എന്ന ചോദ്യത്തിൻ മാതാവ് തന്നെ സ്വയം പ്രസവിക്കുകയായിരുന്നു എന്ന് ഉത്തരം പറഞ്ഞാൽ അതെത്ര വലിയ മണ്ടത്തരമാകുമോ അതിന് സമാനമാണ് ഈ വാദം പ്രപഞ്ചത്തിന്റെ കാര്യത്തിലും.

*2. പ്രപഞ്ചം ശൂന്യതയിൽനിന്ന്?*

മതങ്ങളെല്ലാം ഏതെങ്കിലും തരത്തിലുള്ള അത്ഭുത പ്രവർത്തനങ്ങൾ സംഭവിച്ചതായി വിശ്വസിക്കുന്നവരാണ്. സ്ഥിരം വിമർശനങ്ങളുന്നയിക്കുന്ന നവനാസ്തികരോട് പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നു ചോദിച്ചിട്ടുണ്ടോ? ഒരു കാര്യവും കാരണവും പ്രവർത്തിക്കാതെ ചുമ്മാ ശൂന്യതയിൽ നിന്നും പൊടുന്നനെ ഉണ്ടായി വന്നതാണ് പ്രപഞ്ചം എന്നൊക്കെ യുക്തിബോധം നാണിക്കുന്ന തരത്തിൽ ചിലപ്പോൾ മറുപടി പറഞ്ഞുകളയും. ഒരു മാജിക് സംഭവിക്കണമെങ്കിൽ പോലും അതിനു പിറകിൽ ഒരു മജീഷ്യൻ പണിയെടുക്കുന്നുണ്ടാകണം. അപ്പോൾ മജീഷ്യൻ പോയിട്ട് ഒരു കാരണം (cause)



പോലുമില്ലാതെ വെറുതെ ഈ മഹാപ്രപഞ്ചം ഉണ്ടായിവന്നുവെന്നു പറഞ്ഞാൽ മാജിക്കിൽ വിശ്വസിക്കുന്നതിലും വലിയ അബദ്ധമാകുമത്.

ഇനി എന്താണ് ശൂന്യതയെന്ന് നോക്കുക. സ്ഥലകാല മാനങ്ങളോ യാതൊരു ഭൗതിക നിയമങ്ങളോ നിലവിലില്ലാത്ത കാര്യകാരണബന്ധങ്ങൾ ഒന്നും പ്രവർത്തിക്കാത്ത, ഒരു വസ്തുവിനും നിലനിൽപില്ലാത്ത അവസ്ഥയാണ് സമ്പൂർണ ശൂന്യത. അപ്പോൾ യാതൊന്നിനെയും സൃഷ്ടിക്കാനോ സ്വന്തം അസ്തിത്വത്തെ പ്രകടിപ്പിക്കാനോ ഉള്ള കഴിവില്ലായ്മ കൂടിയാണ് ശൂന്യത (nothingness)എന്ന് അതിന്റെ നിർവചനത്തിൽ നിന്നുതന്നെ മനസ്സിലാക്കാം. പൂജ്യം കൂട്ടണം പൂജ്യം എന്നിങ്ങനെ എത്രതവണ

**ഒരു വസ്തുവിന് മറ്റൊന്നിന്റെ കാരണമായി പ്രവർത്തിക്കണമെങ്കിൽ അതിന് ആദ്യം സ്വയംതന്നെ ഒരു നിലനിൽപുണ്ടായിരിക്കുകയാണ് വേണ്ടത്. അപ്പോൾ നിലവിൽ ഇല്ലാത്ത ഒന്നിന് പിന്നെ എങ്ങനെയാണ് സ്വന്തം അസ്തിത്വത്തെ സൃഷ്ടിക്കാൻ കഴിയുക? നിങ്ങളുടെ മാതാവ് എങ്ങനെയുണ്ടായി എന്ന ചോദ്യത്തിൻ മാതാവ് തന്നെ സ്വയം പ്രസവിക്കുകയായിരുന്നു എന്ന് ഉത്തരം പറഞ്ഞാൽ അതെത്ര വലിയ മണ്ടത്തരമാകുമോ അതിന് സമാനമാണ് ഈ വാദം പ്രപഞ്ചത്തിന്റെ കാര്യത്തിലും.**

**സ്ഥിരം വിമർശനങ്ങളുന്നയിക്കുന്ന നവനാസ്തികരോട് പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നു ചോദിച്ചിട്ടുണ്ടോ? ഒരു കാര്യവും കാരണവും പ്രവർത്തിക്കാതെ ചുമ്മാ ശൂന്യതയിൽ നിന്നും പൊടുന്നനെ ഉണ്ടായി വന്നതാണ് പ്രപഞ്ചം എന്നൊക്കെ യുക്തിബോധം നാണിക്കുന്ന തരത്തിൽ ചിലപ്പോൾ മറുപടി പറഞ്ഞുകളയും. ഒരു മാജിക് സംഭവിക്കണമെങ്കിൽ പോലും അതിനു പിറകിൽ ഒരു മജീഷ്യൻ പണിയെടുക്കുന്നുണ്ടാകണം. അപ്പോൾ മജീഷ്യൻ പോയിട്ട് ഒരു കാരണം (cause) പോലുമില്ലാതെ വെറുതെ ഈ മഹാപ്രപഞ്ചം ഉണ്ടായിവന്നുവെന്നു പറഞ്ഞാൽ മാജിക്കിൽ വിശ്വസിക്കുന്നതിലും വലിയ അബദ്ധമാകുമത്.**

പൂജ്യങ്ങളെ ചേർത്തുകൂട്ടിയാലും ഒന്നും ലഭിക്കാത്തതുപോലെത്തന്നെ ശൂന്യതയിൽനിന്നും ഒന്നും ഉണ്ടാകില്ല. തിരിച്ചു പറഞ്ഞാൽ അങ്ങനെ ഒന്നും ഉണ്ടാകാതിരിക്കാനുള്ള പ്രകൃതമാണ് ശൂന്യത.

*3. ഭൗതികമായ മറ്റൊരു കാരണത്താൽ സൃഷ്ടിക്കപ്പെട്ടു?*

പ്രപഞ്ചോൽപത്തിക്കു കാരണം സൃഷ്ടിക്കപ്പെട്ട മറ്റൊരു ഭൗതികഹേതുവാണെന്ന് വാദിക്കുന്നതുകൊണ്ട് ചോദ്യം മറ്റൊരു തലത്തിലേക്ക് മാറ്റിവെക്കപ്പെടുക മാത്രമാണ് സംഭവിക്കുന്നത്. അഥവാ പ്രപഞ്ചത്തിന് കാരണമായത് ഭൗതികമായ മറ്റെന്തെങ്കിലും ആണെന്നു വാദിച്ചാൽ ആ ഭൗതിക കാരണം എങ്ങനെയുണ്ടായിയെന്ന പ്രശ്നം ആവർത്തിക്കുക മാത്രമെ സംഭവിക്കുന്നുള്ളൂ. പ്രപഞ്ചത്തിനു പിന്നിൽ അനന്തമായി ഭൗതിക കാരണങ്ങൾ നിലനിൽക്കുക സാധ്യമല്ല. അതിനാൽ പ്രപഞ്ചത്തിന്റെ മൂലകാരണം ഭൗതികമായ എന്തെങ്കിലുമാണെന്ന് വാദിക്കാൻ കഴിയില്ല.

*4. സൃഷ്ടിക്കപ്പെടാത്ത അഭൗതികമായ ഒരസ്തിത്വത്താൽ സൃഷ്ടിക്കപ്പെട്ടു?*

അപ്പോൾ അവശേഷിക്കുന്ന ഏക സാധ്യത സകല ലോകങ്ങൾക്കും കാരണമായി വർത്തിച്ചത് സൃഷ്ടിക്കപ്പെടാത്ത അഭൗതികമായ ഒരസ്തിത്വമാണ് എന്നാണ് കോസ്മോളജിക്കൽ ആർഗ്യുമെന്റ് അനുസരിച്ച് ചെന്നെത്തുന്ന യുക്തിപരമായ തീർപ്പ്. ഈ ആദികാരണത്തെ തത്ത്വശാസ്ത്രപരമായി വിശകലനം ചെയ്യുന്നതിൽനിന്നും ഇത് ദൈവത്തെ സ്ഥാപിക്കുന്നു. അതിലേക്ക് കടക്കുംമുമ്പ് ആദികാരണം എന്ന ഈയൊരാശയത്തിലേക്ക് തന്നെ ഡിപ്പന്റൻസി ആർഗ്യുമെന്റ് എത്തുന്നത് എങ്ങനെയാണെന്നു നോക്കാം.


**ആശ്രയവും അനിവാര്യതയും!**

ഡിപ്പന്റൻസി വാദമനുസരിച്ച് സർവതിനെയും രണ്ടുതരത്തിൽ തരംതിരിക്കാമെന്ന് മുന്നേ പറഞ്ഞല്ലോ. അതിന്റെ വിശദീകരണത്തിലേക്ക് കടക്കാം.

*1. അനിവാര്യമായ അസ്തിത്വം*

മറ്റൊന്നിന്റെയും കാര്യകാരണപരമായ ആശ്രയം ആവശ്യമായിട്ടില്ലാത്ത സ്വയംതന്നെ നിലനിൽപുള്ളതെന്ന് ഇതിനെ ലളിതമായി നിർവചിക്കാം. ഫിലോസഫിയിൽ അനിവാര്യതയെന്ന (necessary) ചിന്ത വളരെ മുമ്പുതന്നെയുണ്ട്. ഗണിതശാസ്ത്രപരമായി പറഞ്ഞാൽ ത്രികോണത്തിൻ മൂന്നു കോണുകൾ മാത്രം ഉണ്ടായിരിക്കേണ്ടത് ഒരു അനിവാര്യതയാണെന്നു പറയാം. ഒരിക്കലും നാലു കോണുകളുള്ള ത്രികോണം സാധ്യമല്ല, എന്നതുപോലെ അസ്തിത്വപരമായി അനിവാര്യമായ നിലനിൽപുള്ളതാണ് ദൈവം എന്നാണ് ആശ്രയവാദം പറയുന്നത്. അപ്പോൾ ദൈവം നിലനിൽക്കാതിരിക്കൽ ഒരു അസംഭവ്യതയാണെന്ന്വരുന്നു. ദൈവത്തിന്റെ നിലനിൽപിന് മറ്റെന്തെങ്കിലും





**ഭൗതികമായി നിലനിൽക്കുന്ന ഏതൊന്നും നിലനിൽപിന് ആ ഭൗതികതയെ തന്നെയാണ് ആശ്രയിക്കുന്നത്. ആറ്റങ്ങളുടെയും മൂലകങ്ങളുടെയും ഒക്കെ ഒരു രൂപത്തിലുള്ള മിശ്രണമാണ് ഏതൊരു ഭൗതിക വസ്തുവും. അതിനാൽ അവയിൽ ആശ്രിതവുമാണത്. മാത്രമല്ല ഇത്തരം അടിസ്ഥാന കണങ്ങളുടെ ഒരു രൂപത്തിലുള്ള സജ്ജീകരണവും അതിനാവശ്യമാണ്. ഈ ആറ്റങ്ങളുടെയും കണികകളുടെയും ഒരു രൂപത്തിലുള്ള വിന്യാസത്തിനും ഇതേ കണക്കിന് ബാഹ്യമായ വിശദീകരണം വേണ്ടിവരുന്നു.**

കാരണമോ ആശ്രയമോ വേണ്ടതായിട്ടില്ലെന്നും ഇത് സിദ്ധാന്തിക്കുന്നു.

**ആശ്രയിക്കപ്പെടുന്നവ**

ഒരു അസ്തിത്വത്തിന് സ്വന്തമായ നിലനിൽപില്ലെന്നും, മറ്റു പലതിനെയും ആശ്രയിച്ചുമാത്രമാണവ നിലനിൽക്കുന്നതെന്നും വന്നാൽ അവയ്ക്ക് അനിവാര്യമായ അസ്തിത്വമില്ലെന്നു പറയാം. മറ്റെന്തിനെയെല്ലാമോ ആശ്രയിച്ചുമാത്രം നിലവിൽ വന്നതാണവ. ഫിലോസഫിയിൽ contingent things എന്ന് ഇവ അറിയപ്പെടുന്നു. ആശ്രയിക്കപ്പെടുന്നതെന്തിനും ബാഹ്യമായ ഒരു വിശദീകരണവും ആവശ്യമായി വരുന്നുവെന്ന യുക്തിയാണിതിൽ ഉപയോഗിക്കപ്പെടുന്നത്. ഈ ആശ്രയത്വങ്ങളെ പല രീതിയിൽ അടയാളപ്പെടുത്താം:

*എ) ഉൽപത്തിപരമായ ആശ്രയം*

ഭൗതികമായ ഏതൊന്നിനും ഉൽപത്തിയുണ്ടെന്നു കാണാം. അപ്പോൾ ആ ഉൽപത്തി മറ്റൊരു കാരണമായി സംഭവിക്കുന്നതാണ്. അതിനാൽ ആ കാരണത്തിൽ ആശ്രിതമാണ് അതിന്റെ അസ്തിത്വം തന്നെ. ഉദാ: നിങ്ങളുടെ ജനനം നിങ്ങളുടെതന്നെ മാതാപിതാക്കൾ കാരണമായി ഉണ്ടായതാണ്. അതിനാൽ നിങ്ങളുടെ അസ്തിത്വം ഒരു അനിവാര്യതയല്ല. മറിച്ച് നിങ്ങളുടെ മാതാപിതാക്കളിൽ ആശ്രിതമാണ് അത്.

*ബി) ഭൗതികമായ ആശ്രയത്വം*

ഭൗതികമായി നിലനിൽക്കുന്ന ഏതൊന്നും നിലനിൽപിന് ആ ഭൗതികതയെ തന്നെയാണ് ആശ്രയിക്കുന്നത്. ആറ്റങ്ങളുടെയും മൂലകങ്ങളുടെയും ഒക്കെ ഒരു രൂപത്തിലുള്ള മിശ്രണമാണ് ഏതൊരു ഭൗതിക വസ്തുവും. അതിനാൽ അവയിൽ ആശ്രിതവുമാണത്. മാത്രമല്ല ഇത്തരം അടിസ്ഥാന കണങ്ങളുടെ ഒരു രൂപത്തിലുള്ള സജ്ജീകരണവും അതിനാവശ്യമാണ്. ഈ ആറ്റങ്ങളുടെയും കണികകളുടെയും ഒരു രൂപത്തിലുള്ള വിന്യാസത്തിനും ഇതേ കണക്കിന് ബാഹ്യമായ വിശദീകരണം വേണ്ടിവരുന്നു.

*സി) നിലനിൽപിനാവശ്യമായ ആശ്രയത്വം*

ഒന്നിന് നിലനിൽക്കാൻ കൂടെ മറ്റു പലതിനെയും സമാന്തരമായി ആശ്രയിക്കേണ്ടിവരലാണിത്. ഉദാ: മനുഷ്യന്റെ നിലനിൽപ്. ഓരോ നിമിഷവും ശ്വസിക്കേണ്ടിവരുന്നു. ചുറ്റുപാടുകളെയും ഓക്സിജനെയും നിലനിൽപിന് സമാന്തരമായി ആശ്രയിക്കേണ്ടിവരലാണിത്.

*ഡി) ഭൗതിക ഗുണങ്ങളുടെ ആശ്രയത്വം*

ഏതൊരു ഭൗതിക വസ്തുവിനും അതിന്റെ വിശേഷണങ്ങൾ കൂടാതെ നിലനിൽപില്ല. ഉദാ: യാതൊരു നിറവും ഇല്ലാത്ത ഒരു പോയിന്റിനെ നിങ്ങൾക്ക് സങ്കൽപിക്കാൻ കഴിയുമോ? ഒരിക്കലും പറ്റില്ല! കാരണം ഭൗതികമായ വിശേഷണങ്ങൾ കൂടാതെ ഏതൊരു ഭൗതിക വസ്തുവിനോ പ്രതിഭാസത്തിനോ നിലനിൽപില്ല. ഈ ഭൗതിക ഗുണങ്ങൾക്കാണെങ്കിൽ ബാഹ്യമമായ വിശദീകരണങ്ങൾ ആവശ്യമാണുതാനും.

ഉദാഹരണത്തിന് ഈ വാരിക തന്നെയെടുക്കാം. ഇത് പരിമിതമായ ഒരു രൂപവും നിറവും ഭാരവും ക്രമീകരണവുമൊക്കെ ഉൾക്കൊള്ളുന്നതാണ്. ഇവയിലെ ഏതൊരു ഗുണവും എന്തുകൊണ്ട് സംഭവിച്ചു എന്നു നമുക്ക് ചോദിക്കാം. അങ്ങനെ ചോദിക്കാൻ കഴിയുന്നത് ഈ ഗുണങ്ങളൊക്കെ മറ്റു ബാഹ്യകാരണങ്ങളാൽ ഈ പുസ്തകത്തിന് ലഭിച്ചതാണ് എന്നതുകൊണ്ടാണ്. സകല ഭൗതിക വസ്തുക്കളിലും ഈ നിയമം പ്രായോഗികമാണ്. അഥവാ ഏതൊരു ഭൗതിക ഗുണത്തിനും സ്വയം നിലനിൽപില്ല. അതിനാൽ ഇവയ്ക്കെല്ലാം ബാഹ്യമായ വിശദീകരണങ്ങൾ അനിവാര്യമായി വരുന്നു.

*(അവസാനിച്ചില്ല)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: ഫുസ്സിലത്

## (വിശദീകരിക്കപ്പെട്ട)

(മക്കയിൽ അവതരിച്ചത്)

അധ്യായം 41

إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَـٰمُوا۟
تَتَنَزَّلُ عَلَيْهِمُ ٱلْمَلَـٰٓئِكَةُ أَلَّا تَخَافُوا۟
وَلَا تَحْزَنُوا۟ وَأَبْشِرُوا۟ بِٱلْجَنَّةِ ٱلَّتِى كُنتُمْ
تُوعَدُونَ ﴿٣٠﴾

ٱلْـَٔاخِرَةِ ۖ وَلَكُمْ فِيهَا مَا تَشْتَهِىٓ أَنفُسُكُمْ
وَلَكُمْ فِيهَا مَا تَدَّعُونَ ﴿٣١﴾

نُزُلًا مِّنْ غَفُورٍ رَّحِيمٍ ﴿٣٢﴾

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ
صَـٰلِحًا وَقَالَ إِنَّنِى مِنَ ٱلْمُسْلِمِينَ ﴿٣٣﴾

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ۚ ٱدْفَعْ بِٱلَّتِى
هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ
كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾

30. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക.

31. ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും.

32. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽനിന്നുള്ള സൽക്കാരമത്രെ അത്.

33. അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?

34. നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട്നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു.

30) ഇവിടെ അല്ലാഹു തന്റെ മിത്രങ്ങളെക്കുറിച്ച് പറയുന്നു. അതിൽ അവരുടെ സജീവതയും അവരെ പിൻപറ്റാനുള്ള പ്രേരണയും ഉൾക്കൊള്ളുന്നു. അല്ലാഹു പറയുന്നു: (ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ) അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തെ അംഗീകരിക്കുകയും തൃപ്തിപ്പെടുകയും അവന്റെ കൽപനകൾക്ക് കീഴൊതുങ്ങുകയും, അത് പറയുകയും പിന്നീട് ശരിയായ മാർഗത്തിൽ നേരെ നിലകൊള്ളുകയും ചെയ്തവർ; വാക്കിലും പ്രവൃത്തിയിലുമെല്ലാം. അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷവാർത്തയുണ്ട്. (അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവരും; ആദരണീയരായ. അതായത് മരണാസന്നരാകുമ്പോൾ അവർക്ക് സന്തോഷവാർത്ത അറിയിച്ചുകൊണ്ട് അവരുടെ മേൽ മലക്കുകൾ ആവർത്തിച്ച് ഇറങ്ങിക്കൊണ്ടേയിരിക്കും. (നിങ്ങൾ ഭയപ്പെടേണ്ടതില്ല) നിങ്ങളുടെ കാര്യത്തിൽ ഭാവിയിൽ സംഭവിക്കാൻ പോകുന്നതിൽ. (നിങ്ങൾ ദുഃഖിക്കുകയേ വേണ്ട) കഴിഞ്ഞുപോയതിൽ. (നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക). അത് നിങ്ങൾക്ക് സ്ഥിരപ്പെടുകയും ഉറപ്പാവുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ വാക്ക് നടപ്പിലാക്കപ്പെടുന്നതാണ്.

31. അവർക്ക് സ്ഥൈര്യം നൽകിയും സന്തോഷവാർത്ത അറിയിച്ചും മലക്കുകൾ അവരോട് പറയും: (ഐഹിക ജീവിതത്തിലും പരലോക ജീവിതത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു) ഇഹലോകത്ത് നന്മക്കവർ അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അതവർക്ക് അലങ്കാരമായി കാണിച്ചുകൊടുത്തു. തിന്മയിൽ അവർക്കവൻ ഭയം ഉണ്ടാക്കി. അത് മോശമായി അവരുടെ ഹൃദയങ്ങളിൽ തോന്നിപ്പിക്കുകയും ചെയ്തു. അവർക്കുവേണ്ടി അല്ലാഹുവോടവർ പ്രാർഥിച്ചു. ഭയത്തിന്റെയും വിപത്തിന്റെയും സന്ദർഭങ്ങളിൽ അവരെ ഉറപ്പിച്ചുനിർത്തി. പ്രത്യേകിച്ചും മരണത്തിന്റെയും അതിന്റെ പ്രയാസത്തിന്റെയും സമയത്ത്. ഖബ്റിലും അതിലെ ഇരുട്ടിലും ഉയിർത്തെഴുന്നേൽപിന്റെ ഭയാനകതയിലും സ്വിറാത്തിലും സ്വർഗത്തിലും തങ്ങളുടെ രക്ഷിതാവിന്റെ ഔദാര്യത്താൽ അവർക്കവർ ആശംസകൾ നേർന്നു. എല്ലാ വാതിലുകളിലൂടെയും അവരുടെ അടുക്കൽ അവർ പ്രവേശിച്ചു.

سَلَٰمٌ عَلَيْكُم بِمَا صَبَرْتُمْ ۚ فَنِعْمَ عُقْبَى ٱلدَّارِ ﴿٢٤﴾

"നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം. അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്"(13:24).


മലക്കുകൾ അവരോട് പറയും: (നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാം ഉണ്ടായിരിക്കും). ഒരുക്കപ്പെട്ടുകഴിഞ്ഞു, തയ്യാറാക്കപ്പെട്ടു. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ഉണ്ടായിരിക്കും. നിങ്ങളുടെ ഉദ്ദേശ്യതാൽപര്യങ്ങളുമായി ബന്ധപ്പെട്ട് നിങ്ങൾ ആവശ്യപ്പെടുന്നവ. വ്യത്യസ്തമായ ആസ്വാദനങ്ങളും ആഗ്രഹങ്ങളുമായി നിങ്ങൾ ആവശ്യപ്പെടുന്നതും. അവയാകട്ടെ, ഒരുകണ്ണും കാണാത്തതും ഒരുകാതും കേൾക്കാത്തതും ഒരു മനുഷ്യഹൃദയവും നിനക്കാത്തതുമാണ്.

32). (ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽനിന്നുള്ള സൽക്കാരമത്രെ അത്) അതായത്, ഈ മഹത്തായ പ്രതിഫലവും നിത്യാനുഗ്രഹങ്ങളും വിരുന്നും ആതിഥ്യവും. (ഏറെ പൊറുക്കുന്നവനിൽനിന്നുള്ള) നിങ്ങൾക്കവൻ പാപങ്ങൾ പൊറുത്തുതരുന്നു. (കരുണാനിധി) സൽപ്രവർത്തനങ്ങൾക്ക് അവസരം സൃഷ്ടിക്കുന്നതിലൂടെ, അത് നിങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിലൂടെ, പാപമോചനമെന്നത് നിങ്ങൾ ഭയപ്പെടുന്നത് നിങ്ങളിൽനിന്ന് നീക്കലാണ്. അവന്റെ കാരുണ്യം നിങ്ങളുടെ ആവശ്യങ്ങൾ നേരിട്ടറിയലുമാണ്.

33) ഇവിടെ ഈ ചോദ്യത്തിലുള്ളത് നിഷേധത്തെ അംഗീകരിക്കലാണ്. അതായത് വാക്ക് നന്നാക്കിയ ഒരാളുമില്ല; വാക്കിലും മാർഗത്തിലും അവസ്ഥയിലും (അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനെക്കാൾ) അറിവില്ലാത്തവരെ പഠിപ്പിക്കാൻ, തിരിഞ്ഞുപോകുന്ന അശ്രദ്ധരെ ഉപദേശിക്കാൻ, അസത്യവാദികളോട് വാഗ്വാദം നടത്താൻ, അല്ലാഹുവിനെ ആരാധിക്കണമെന്ന് നിർദേശിക്കാൻ, അതുമായി ബന്ധപ്പെട്ടതെല്ലാം; അതിന് പ്രേരണനൽകാനും കഴിയുന്നപോലെ അത് നന്നാക്കാനും. അല്ലാഹു വിരോധിച്ചതിൽനിന്നും തടയുക. ഉപേക്ഷിക്കൽ അനിവാര്യമാക്കുന്ന എല്ലാ വഴിക്കും അതിന്റെ തകരാറുകൾ ബോധ്യപ്പെടുത്തൽ. പ്രത്യേകിച്ചും ഈ പ്രബോധനമെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനവും അതിന്റെ നന്മകളും ബോധ്യപ്പെടുത്തിക്കൊടുക്കാനാണ്. ഏറ്റവും നല്ലരൂപത്തിൽ അതിന്റെ എതിരാളികളോട് വാഗ്വാദത്തിൽ ഏർപ്പെടലും ഇസ്‌ലാമിനെതിരായ അവിശ്വാസം, ശിർക്ക് തുടങ്ങിയവയെ വിരോധിക്കലുമാണ്; നന്മ കൽപിക്കലും തിന്മ വിരോധിക്കലും.

പ്രബോധനത്തിൽ പെട്ടതുതന്നെയാണ് അല്ലാഹുവിനെ തന്റെ ദാസന്മാർക്ക് ഇഷ്ടപ്പെടുത്തിക്കൊടുക്കൽ. അവന്റെ അനുഗ്രഹങ്ങളെ വിശദീകരിച്ചുകൊണ്ടും അവന്റെ ഔദാര്യത്തിന്റെ വിശാലതയും കാരുണ്യത്തിന്റെ പൂർണതയും അവന്റെ പരിപൂർണ വിശേഷണങ്ങളും മഹത്ത്വത്തിന്റെ ഗുണങ്ങളും പറഞ്ഞുകൊടുക്കലും അതിൽ പെട്ടതാണ്.

അല്ലാഹുവിലേക്കുള്ള പ്രബോധനംതന്നെയാണ് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അറിവും സന്മാർഗവും സ്വീകരിക്കാൻ ആഗ്രഹിപ്പിക്കലും പ്രവാചകന്റെ ചര്യയിൽനിന്നും അതിലേക്കെത്തിക്കാവുന്ന എല്ലാ വഴികളെയും പ്രോത്സാഹിപ്പിക്കലും.



അതിൽപെട്ടതുതന്നെയാണ് സൽസ്വഭാവങ്ങൾ പ്രോത്സാഹിപ്പിക്കലും എല്ലാ പടപ്പുകൾക്കും നന്മ ചെയ്യുന്നതിനും നന്മ ചെയ്യുന്നതിനെ മോശമാക്കുന്നവനെ എതിർക്കലും കുടുംബബന്ധത്തിനും മാതാപിതാക്കൾക്ക് നന്മ ചെയ്യാനും പ്രേരണ നൽകലുമെല്ലാം. ജനങ്ങൾക്ക് പൊതുവായി നൽകുന്ന ഉപദേശങ്ങൾ, ചില പ്രത്യേക സന്ദർഭങ്ങളിൽ, പ്രതിബന്ധങ്ങളിൽ, വിപത്തുക്കളിൽ ആ സന്ദർഭത്തോട് യോജിക്കുന്ന നിലക്കുള്ള ഉപദേശങ്ങൾ നൽകൽ; ഇതല്ലാത്തതും.

എല്ലാ നന്മകളിലേക്കും പ്രബോധനം ചെയ്യേണ്ടതുള്ളതിനാൽ അത് എണ്ണിക്കണക്കാക്കാവതല്ല. എല്ലാ തിന്മകളെക്കുറിച്ചും താക്കീത് ചെയ്യേണ്ടതുമുണ്ട്.

തുടർന്ന് അല്ലാഹു പറയുന്നു: (സൽകർമം പ്രവർത്തിക്കുകയും) ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതോടൊപ്പം തന്റെ കാര്യത്തിലും അല്ലാഹുവിന്റെ കൽപന പിൻപറ്റി തന്റെ രക്ഷിതാവ് തൃപ്തിപ്പെടുന്ന സൽകർമങ്ങൾ പ്രവർത്തിക്കാൻ തൽപരനാവണം. (തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു) ഇസ്‌ലാമിന്റെ കൽപനകൾക്ക് കീഴൊതുങ്ങുന്നവരായി; അതിന്റെ മാർഗത്തിൽ പ്രവേശിക്കുന്നവരായും. ഇതൊരു പദവിയാണ്. സ്വിദ്ദീഖുകൾ അതിന്റെ പൂർണത പ്രാപിച്ചവരാണ്. അവർ അവരെ പൂർണമാക്കാൻ പ്രവർത്തിച്ചു; മറ്റുള്ളവരെ പൂർണരാക്കാനും. പ്രവാചകന്മാരുടെ പൂർണ അനന്തരം ലഭിച്ചവരാണവർ. ജനങ്ങളിൽ ഏറ്റവും മോശം വാക്ക് പറഞ്ഞവൻ വഴികേടിലേക്ക് ക്ഷണിക്കുകയും ആ വഴിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്.

തികച്ചും വ്യത്യസ്തമായ രണ്ട് പദവികളെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ഒന്ന് അത്യുന്നതങ്ങളിലേക്ക് ഉയർത്തുന്നു. മറ്റൊന്നാവട്ടെ അധമന്മാരിൽ ഏറ്റവും അധമനാക്കി താഴ്ത്തുകയും ചെയ്യുന്നു. പദവികൾ, അല്ലാഹുവിന് മാത്രമേ അതിനെ കുറിച്ചറിയൂ. എല്ലാം സൃഷ്ടികൾ നേടുന്നതാണ്.

وَلِكُلٍّ دَرَجَٰتٌ مِّمَّا عَمِلُوا۟ ۚ وَمَا رَبُّكَ بِغَٰفِلٍ عَمَّا يَعْمَلُونَ ﴿١٣٢﴾

“ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലമായി പല പദവികളുണ്ട്. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി നിന്റെ രക്ഷിതാവ് ഒട്ടും അശ്രദ്ധനല്ല” (6:132).

34). അല്ലാഹു പറയുന്നു: (നല്ലതും ചീത്ത യും സമമാകുകയില്ല) നല്ല പ്രവർത്തനങ്ങളും ദീനീ കാര്യങ്ങളും അല്ലാഹു തൃപ്തിപ്പെടുന്നവയാണ്. അത് അല്ലാഹു കോപിക്കുന്നതും അവനെ തൃപ്തിപ്പെടുത്താത്തതുമായ തെറ്റായ പ്രവർത്തനങ്ങൾക്കും അനുസരണക്കേടുകൾക്കും സമമാവുകയില്ല. പടപ്പുകൾക്ക് ഗുണം ചെയ്യുന്നതും ദോഷം ചെയ്യുന്നതും ഒരുപോലെയല്ല; അതിന്റെ സത്തയിലും വിശേഷണത്തിലും ഗുണത്തിലും പ്രതിഫലത്തിലുമൊന്നും.

هَلْ جَزَآءُ ٱلْإِحْسَٰنِ إِلَّا ٱلْإِحْسَٰنُ ﴿٦٠﴾

“നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്തുകൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?” (55:60).

തുടർന്ന് നിർദേശിക്കുന്നത് ഒരു പ്രത്യേക നന്മയെക്കുറിച്ചാണ്. അതിന് വലിയ സ്ഥാനമുണ്ട്. അത് നിന്നോട് തിന്മ ചെയ്തവനോട് നീ നന്മ ചെയ്യലാണ്. അല്ലാഹു പറഞ്ഞു: (ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ തിന്മ യെ പ്രതിരോധിക്കുക) പടപ്പുകളിൽനിന്ന് ആരെങ്കിലും നിന്നോട് തിന്മ ചെയ്താൽ; പ്രത്യേകിച്ചും നിന്നോട് വലിയ കടമകളുള്ള ഒരാൾ, ബന്ധുക്കൾ, കൂട്ടുകാർ പോലെയുള്ളവർ, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഉള്ള തിന്മയാകാം. അതിനുപകരം അവന് നീ നന്മ ചെയ്യുക. നിന്നോട് അവൻ ബന്ധം മുറിച്ചാൽ നീ അവനോട് ബന്ധം ചേർക്കുക. നിന്നോട് അവൻ അക്രമം ചെയ്താൽ നീ അവന് വിട്ടുവീഴ്ച നൽകുക. നിന്റെ അസാന്നിധ്യത്തിലോ സാന്നിധ്യത്തിലോ നിന്നെക്കുറിച്ച് സംസാരിച്ചാൽ നീ അവനെ നേരിടരുത്. മറിച്ച്, വിട്ടുവീഴ്ച ചെയ്യണം. മൃദുലമായ വാക്കുകൊണ്ട് പെരുമാറണം. ഇനി അവൻ നിന്നെ വെടിയുകയും നിന്നോട് മിണ്ടാതിരിക്കുകയും ചെയ്താൽ നീ അവനോട് നല്ലത് പറയണം. അവന് സലാം പറയുകയും ചെയ്യണം. തിന്മയെ നന്മകൊണ്ട് നേരിട്ടാൽ അതിന് വലിയ ഫലമുണ്ടാകും: (അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ-നിന്റെ-ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു).



# സംഘപരിവാർ ചരിത്രം പഠിപ്പിക്കുമ്പോൾ

**അനസ്. കെ, ആമയൂർ**

ചരിത്രത്തിൽ ഇടമില്ലാത്തവർ ചരിത്രം പഠിപ്പിക്കുമ്പോൾ സ്വാഭാവികമായും സംഭവിക്കുന്ന കാര്യമാണ് ചരിത്രത്തെ വികൃതമാക്കലും തങ്ങളെ ചരിത്രത്തിന്റെ ഭാഗമാക്കാനുള്ള കുത്സിത ശ്രമവും. 'ദി കേരള സ്റ്റോറി' എന്ന സിനിമയെക്കുറിച്ചുള്ള വാർത്തയും ബഹളവും കേട്ട് സംഘപരിവാറിന്റെ ആദ്യത്തെ 'ചരിത്രത്തിരുത്ത് സംരംഭ'മാണിത് എന്ന് കരുതുന്നവർ ഏറെയുണ്ട്. എന്നാൽ അടുത്തിടെ പുറത്തിറങ്ങിയ 'പിഎം നരേന്ദ്ര മോദി,' 'വീർ സവർക്കർ,' 'കാശ്മീർ ഫയൽസ്,' 'പുഴ മുതൽ പുഴവരെ,' പുറത്തിറങ്ങാൻ പോകുന്ന 'ടിപ്പു' എന്നീ സിനിമകളെല്ലാം ഈ ഗണത്തിൽ പെടുന്നതാണ്.

ഇത് ഫാഷിസത്തിന്റെ അടിസ്ഥാന തത്വമാണ്. ഒരു സംഘ്പരിവാർ അനുകൂലി എന്തെങ്കിലും എഴുതുകയോ പറയുകയോ ചെയ്താൽ അതിൽ കളവും വർഗീയതയും ഇരവാദവും ചൂണ്ടിക്കാണിക്കാൻ ഒരു ശത്രുവുമുണ്ടാകും. അതില്ലെങ്കിൽ സംഘപരിവാർ ഇല്ല.

മലബാർ സമരവുമായി ബന്ധപ്പെട്ടും മൈസൂർ സുൽത്താൻമാരുടെ കേരള പടയോട്ടത്തെപ്പറ്റിയും ഇവർ പറഞ്ഞ കളവുകൾ മാത്രം എടുത്ത് നോക്കുകയാണെങ്കിൽ അതിന്റെ ഭീകരത നമുക്ക് അളക്കാം. 'ഗുജറാത്ത് കലാപത്തിൽ സംഘതീവ്രവാദി പൂർണഗർഭിണിയുടെ വയറു പിളർത്തി ത്രിശൂലത്തിൽ ഭ്രൂണത്തെ കുത്തിനിർത്തിയത് പോലും ഹൈദറിന്റെയും ടിപ്പുവിന്റെയും വാരിയംകുന്നന്റെയും പ്രവർത്തനങ്ങൾ കണ്ടിട്ടാണ് എന്നുപോലും തോന്നും' (മാപ്പിള ലഹള; സത്യവും മിഥ്യയും-തിരൂർ ദിനേശൻ).

വാർത്തകളും റിപ്പോർട്ടുകളും ചൊരിയുന്ന അർധസത്യങ്ങളെ അവലംബിച്ചായിരുന്നു വിദ്വേഷ പ്രചാരണ പുസ്തകങ്ങൾ പുറത്തിറക്കിയിരുന്നത്. എന്നാൽ അതേ മാധ്യമത്തിലൂടെ നൽകുന്ന മറുപടികളും ലഭ്യമായിട്ടുള്ള ഇതര ചരിത്രഗ്രന്ഥങ്ങളും പലപ്പോഴും ഈ ആക്രമണത്തെ കെടുത്തിക്കളഞ്ഞിരുന്നു.

ഒരു സംഭവമോ ചരിത്രമോ അറിയാൻ ഇന്ന് പുതുതലമുറ യൂ ട്യൂബിൽ പരതുകയാണ്, സിനിമകളെ അവലംബിക്കുകയാണ്. ഇവിടെയാണ് 'കേരള സ്റ്റോറി' പോലെയുള്ള, കളവുകളുടെ കൂമ്പാരങ്ങളുടെ കെട്ടഴിക്കുന്ന സിനിമകളുടെ അപകടങ്ങൾ വ്യക്തമാകുന്നത്.

'കേരളത്തിൽനിന്ന് 32000 പെൺകുട്ടികളെ കാണ്മാനില്ല, അനൗദ്യോഗികമായി ആ എണ്ണം 50,000 ആണ്' എന്ന് സിനിമ പറയുമ്പോൾ യഥാർഥ കണക്കുകൾ പറയുന്നത് മറ്റൊന്നാണ്. 32000 എന്ന സംഖ്യ 3ലേക്ക് ചുരുങ്ങുന്ന അത്ഭുതവും നാം കണ്ടു. കേരളത്തിൽനിന്നല്ല ലോകമെമ്പാടുംനിന്ന് ഐ.എസ്.ഐ.എസിലേക്ക് പോയ ആകെ ആളുകളുടെതായി അനുമാനിക്കുന്ന എണ്ണം 40,000 ആണ് എന്നിരിക്കെയാണ് ഈ കളവ്! ഇന്ത്യൻ വംശജരായ 66പേർ മാത്രമാണ് ഐ.എസ്.ഐ.എസിലുള്ളതെന്നാണ് 2021ൽ പുറത്തുവന്ന അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ കണക്ക്.

**'ദി കേരള സ്റ്റോറി'ക്കെതിരെ ശക്തമായ പ്രതിഷേധമുയർന്നു. ഇത് പോലെ ഒരു സിനിമ വീണ്ടും ഇറങ്ങുകയാണെങ്കിൽ, വീണ്ടും വീണ്ടും ഇതുപോലെ സിനിമകൾ ഇറങ്ങിക്കൊണ്ടേയിരിക്കുമ്പോൾ പ്രതിഷേധത്തിന്റെ വീര്യം കുറഞ്ഞുകൊണ്ടിരിക്കും. അങ്ങനെ അതൊരു 'സാധാരണ സംഭവ'മായി മാറും. കളവുകൾ നിരന്തരം ആവർത്തിക്കപ്പെടുന്നതോടുകൂടി അവ സത്യത്തിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെടും. കോടതിമുറിയിലേക്ക് എത്തുമ്പോൾ വെറും സാങ്കൽപിക കഥയായി മാറുന്ന സിനിമ യഥാർഥ ചരിത്രമായാണ് പുറത്ത് ജനങ്ങൾക്കു മുമ്പിൽ വിവരിക്കപ്പെടുന്നത്. യുപിയും ബിജെപി ഭരിക്കുന്ന മറ്റു സ്റ്റേറ്റുകളും നാസി ജർമനി ജൂതന്മാർക്കെതിരെയുള്ള വിദ്വേഷ പ്രചാരണതിന് ധനസഹായം നൽകിയതുപോലെ ഇതിന്റെ ടാക്സ് കുറച്ചത് ഇത് സംഘപരിവാറിന്റെ സംഘടിതമായ ആശയപ്രചാരണത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കുന്നു.**



‘ദി കേരള സ്റ്റോറി’ക്കെതിരെ ശക്തമായ പ്രതിഷേധമുയർന്നു. ഇത് പോലെ ഒരു സിനിമ വീണ്ടും ഇറങ്ങുകയാണെങ്കിൽ, വീണ്ടും വീണ്ടും ഇതുപോലെ സിനിമകൾ ഇറങ്ങിക്കൊണ്ടേയിരിക്കുമ്പോൾ പ്രതിഷേധത്തിന്റെ വീര്യം കുറഞ്ഞുകൊണ്ടിരിക്കും. അങ്ങനെ അതൊരു ‘സാധാരണ സംഭവ’മായി മാറും. കളവുകൾ നിരന്തരം ആവർത്തിക്കപ്പെടുന്നതോടുകൂടി അവ സത്യത്തിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെടും.

കോടതിമുറിയിലേക്ക് എത്തുമ്പോൾ വെറും സാങ്കൽപിക കഥയായി മാറുന്ന സിനിമ യഥാർഥ ചരിത്രമായാണ് പുറത്ത് ജനങ്ങൾക്കു മുമ്പിൽ വിവരിക്കപ്പെടുന്നത്. യുപിയും ബിജെപി ഭരിക്കുന്ന മറ്റു സ്റ്റേറ്റുകളും നാസി ജർമനി ജൂതന്മാർക്കെതിരെയുള്ള വിദ്വേഷ പ്രചാരണതിന് ധനസഹായം നൽകിയതുപോലെ ഇതിന്റെ ടാക്സ് കുറച്ചത് ഇത് സംഘപരിവാറിന്റെ സംഘടിതമായ ആശയപ്രചാരണത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കുന്നു. പ്രധാനമന്ത്രിതന്നെ ഈ വർഗീയ വിഷം വമിക്കുന്ന സിനിമയുടെ പ്രമോട്ടറായതും നാം കണ്ടു.

തെറ്റായ ചരിത്രം പറയുന്ന സിനിമകൾക്കു മറുപടിയായി യഥാർഥ ചരിത്രം തുറന്നുകാട്ടുന്ന ഒരു സിനിമ ഇറങ്ങില്ല എന്ന ഉറപ്പ് സംഘപരിവാറിനുണ്ട്. ആളില്ലാത്ത പോസ്റ്റിലേക്ക് ഗോളടിക്കൽ എളുപ്പമാണല്ലോ. മുസ്‌ലിം ഭൂരിപക്ഷം പൊതുവെ സിനിമ കാണുന്നവരല്ല. അതുകൊണ്ട് വിദ്വേഷ പ്രചാരണത്തിന്റെ അനന്തലോകമാണ് ഇവർക്കു മുമ്പിൽ തുറന്നു കിടക്കുന്നത്.

**ഒരു സംഘ്പരിവാർ അനുകൂലി എന്തെങ്കിലും എഴുതുകയോ പറയുകയോ ചെയ്താൽ അതിൽ കളവും വർഗീയതയും ഇരവാദവും ചൂണ്ടിക്കാണിക്കാൻ ഒരു ശത്രുവുമുണ്ടാകും. അതില്ലെങ്കിൽ സംഘപരിവാർ ഇല്ല. കേരളത്തിന്റെ അധിനിവേശ വിരുദ്ധ പോരാട്ട ചരിത്രം, കുഞ്ഞാലി മരക്കാരുമാരുടെയും വാരിയം കുന്നന്റെയും ആലി മുസ്‌ലിയാരുടെയും സൈനുദ്ദീൻ മഖ്ദൂമിന്റെയും മമ്പുറം തങ്ങന്മാരുടെയും ടിപ്പുവിന്റെയും രാജ്യ സ്നേഹത്തിന്റെയും വീറുറ്റ ചരിത്രം, സംഘപരിവാർ സ്വാതന്ത്ര്യ സമരത്തിന്റെ ഒറ്റുകാരാണ്...ഇതെല്ലാം ജനങ്ങളെ, വിശിഷ്യാ പുതുതലമുറയെ ബോധ്യപ്പെടുത്തിക്കൊടുക്കൽ അനിവാര്യമാണ്. അതാണ് വിദ്വേഷ പ്രചാരണത്തിനെതിരിലുള്ള ശക്തമായ മറുമരുന്ന്.**

‘ചരിത്രത്തിൽ ഇല്ലാത്തവർ’ എന്ന് പറഞ്ഞു മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ബംഗാൾ എഴുത്തുകാരൻ ബിമൽ മിത്രയുടെ ഒരു നോവലുണ്ട്. സ്വാതന്ത്ര്യ സമരനേതാവായിരുന്ന തന്റെ ഭർത്താവിനെ ബ്രിട്ടീഷുകാർ പിടിച്ചുകൊണ്ടുപോകുമ്പോൾ സ്വാതന്ത്ര്യ സമര സേനാനികളുടെ രഹസ്യം ബ്രിട്ടീഷുകാർക്ക് കിട്ടാതിരിക്കാൻ തന്റെ പ്രിയതമനെ വെടിവെച്ചുകൊന്ന യുവതിയുടെ കഥ.

സംഘപരിവാർ ചരിത്ര വസ്തുതകളെ ഭയപ്പെടുന്നവരാണ്. ആടിനെ പട്ടിയായി ചിത്രീകരിച്ച് നേട്ടം കൊയ്യാൻ ശ്രമിക്കുന്നവരാണ്. ഇവിടെ നാം ചരിത്ര സത്യങ്ങളുടെ കാവൽ ഭടന്മാരാകണം. ഗാന്ധിജിയെ നാഥുറാം വിനായക് ഗോഡ്സെ വെടിവെച്ചുകൊന്നത് ബ്രിട്ടീഷുകാരിൽനിന്നും ഇന്ത്യയുടെ രഹസ്യം സംരക്ഷിക്കാനല്ല, ഹിന്ദു-മുസ്‌ലിം ഐക്യം കാത്തു സൂക്ഷിക്കാൻ മുന്നിട്ടിറങ്ങിയതുകൊണ്ടാണ്. സവർക്കർ ബ്രിട്ടീഷുകാർക്ക് തുടർച്ചയായി മാപ്പെഴുതി കൊടുത്തിട്ടാണ് ജയിലിൽനിന്ന് പുറത്തുവന്നത്. കേരളത്തിന്റെ അധിനിവേശ വിരുദ്ധ പോരാട്ട ചരിത്രം, കുഞ്ഞാലി മരക്കാരുമാരുടെയും വാരിയം കുന്നന്റെയും ആലി മുസ്‌ലിയാരുടെയും സൈനുദ്ദീൻ മഖ്ദൂമിന്റെയും മമ്പുറം തങ്ങന്മാരുടെയും ടിപ്പുവിന്റെയും രാജ്യ സ്നേഹത്തിന്റെയും വീറുറ്റ ചരിത്രം, സംഘപരിവാർ സ്വാതന്ത്ര്യ സമരത്തിന്റെ ഒറ്റുകാരാണ്...ഇതെല്ലാം ജനങ്ങളെ, വിശിഷ്യാ പുതുതലമുറയെ ബോധ്യപ്പെടുത്തിക്കൊടുക്കൽ അനിവാര്യമാണ്. അതാണ് വിദ്വേഷ പ്രചാരണത്തിനെതിരിലുള്ള ശക്തമായ മറുമരുന്ന്.

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 16

# ബഹുഭാഷാ 'വഹ്‌യുകൾ!'

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

**കാട്ടരുവിപോലെ ഒഴുകുന്ന കറാമത്ത്!**

അറബി ഭാഷയിൽ രചിച്ച ഖുത്വുബയെ ഇൽഹാമിയ എന്ന പുസ്തകത്തെക്കുറിച്ച് ഖാദിയാനി പ്രവാചകന്റെ അവകാശവാദങ്ങൾ പരിശോധിക്കുന്നത് ഏറെ രസാവഹമാണ്.

1900 ഏപ്രിൽ 11: "ബലിപെരുന്നാളിന് രാവിലെ വഹ്‌യ് അവതരിച്ചു: നീ ഇന്ന് അറബിയിൽ ഖുത്വുബ നിർവഹിക്കുക. നിനക്ക് അതിനുള്ള ശക്തി നൽകിയിരിക്കുന്നു.' അപ്രകാരം ഞാൻ ഖുത്വുബയെ ഇൽഹാമിയ എന്ന അറബി പ്രസംഗം നിർവഹിച്ചു. ഞാനായിരുന്നില്ല ഒരു മലക്ക് എന്റെ നാവിലൂടെ സംസാരിക്കുകയായിരുന്നു; അദൃശ്യമായ ഒരു അരുവി ഒഴുകുന്നതു പോലെ" (പേജ് 357, 358).

'റൂഹുൽ അമീൻ' വന്നു വിളിച്ചതുകൊണ്ടാണ് നേരത്തെ എഴുതി തയ്യാറാകാതെ ഇരുനൂറോളം പേരുള്ള സദസ്സിനു മുൻപിൽ നിന്ന് പ്രസംഗിച്ചത് എന്നും മുഹമ്മദ് (സ്വ), മൂസാ, ഈസാ, ഖിദ്ർ(അ) തുടങ്ങിയവർ ഈ ഖുത്വുബ ശ്രവിക്കാനായി സന്നിഹിതരായിരുന്നു എന്നും അടിക്കുറിപ്പിൽ പറയുന്നു. 'തഅ്തീറുൽ അനാം' എന്ന പ്രസി

ദ്ധീകരിക്കാത്ത പുസ്തകത്തിൽനിന്നാണ് ഇത് ഉദ്ധരിച്ചത്.

ഏഴ് വരികൾ വീതമുള്ള 41 പേജുകളിലായി വലിയ അക്ഷരങ്ങളിൽ എഴുതിയ 348 സൂക്തങ്ങളാണ് ഈ ഖുത്വുബയിലുള്ളത്. ഇവ പൂർണമായും വഹ്‌യാണെന്ന് അവകാശപ്പെടുന്നു. ബലികർമത്തിന്റെ മഹത്ത്വമാണ് പ്രതിപാദ്യം. 1902ൽ പുസ്തകമായി പ്രസിദ്ധീകരിച്ചപ്പോൾ പതിവു പോലെ തന്റെ വാദങ്ങൾ വിവരിക്കുന്ന മൂന്ന് അധ്യായങ്ങളും മിനാറതുൽ മസീഹിനു സംഭാവനക്കുള്ള പരസ്യവും ആദമും മസീഹും തമ്മിലുള്ള വ്യത്യാസങ്ങളും ഒക്കെ വിവരിക്കുന്ന 235 പേജുകൾ കൂടി ചേർത്ത് ഖുത്വുബയെ ഇൽഹാമിയ 'വിശുദ്ധ ഗ്രന്ഥങ്ങളിൽ' ഒന്നായി സമർപ്പിക്കപ്പെട്ടു.

അടുത്ത കാലത്തായി ബലികർമം ആവശ്യമില്ലെന്ന വാദവുമായി ഖാദിയാനികളിലെ നല്ലൊരു വിഭാഗം രംഗത്ത് വന്നിട്ടുണ്ട്. അത് സംബന്ധമായി മലയാളത്തിൽ 'അബ്രഹാമിന്റെ ബലികർമം' എന്ന ഒരു പുസ്തകം അവർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

'അറഫാ ദിനത്തിൽ രാവിലെ മസീഹ് മൗഊദ് മൗലവി നൂറുദ്ദീന് എഴുതി: 'ഇന്ന് നമ്മുടെ ജമാഅത്തിലെ ഓരോരുത്തർക്കും വേണ്ടി പ്രത്യേകം ദുആ നടത്തുന്നതിനായി അവരുടെ പേരും താമസസ്ഥലവും അടക്കമുള്ള ലിസ്റ്റ് അയച്ചു തരണം.'

"ലിസ്റ്റ് കിട്ടിയതോടെ അദ്ദേഹം പ്രാർഥനയിൽ മുഴുകി. മഗ്‌രിബും ഇശാഉം ജംആക്കി നമസ്കരിച്ചു. രാത്രിയും ഉറക്കമിളച്ച് പ്രാർഥിച്ചുകൊണ്ടിരുന്നു. രാവിലെ മൗലവി അബ്ദുൽകരീം മസീഹിനോട് അഭ്യർഥിച്ചു: 'അൽപവാക്കുകളിൽ ഹ്രസ്വമായെങ്കിലും ഇന്നത്തെ ഖുത്വുബ നിർവഹിക്കണം.' അപ്പോൾ മസീഹ് പറഞ്ഞു: 'അല്ലാഹു എന്നോട് പറഞ്ഞിട്ടുണ്ട്, സദസ്സിനോട് അറബിയിൽ പ്രസംഗിക്കണമെന്ന്. രാത്രി ഇൽഹാം അവതരിച്ചിരുന്നു.

> **പതിമൂന്നു നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച, അറബി ഭാഷയുടെയും സാഹിത്യത്തിന്റെയും അത്യുദാത്തവും അമാനുഷികവും അർഥഗംഭീരവുമായ അമരവാണി പകരത്തിനും തുല്യതക്കുമുള്ള വെല്ലുവിളിയുമായി അജയ്യമായി നിലകൊള്ളുമ്പോൾ, ഭാഷ ഏറെ പുരോഗമിച്ച 13 നൂറ്റാണ്ടിനപ്പുറം വഹ്‌യായി അവതരിക്കുന്നത് എല്ലാ ഊർജവും ചോ ർന്ന്, കാമ്പും കാതലും നഷ്ടപ്പെട്ട അവസ്ഥയിലായത് എന്തുകൊണ്ടാണ്? അല്ലാഹുവിൽനിന്നുള്ളതല്ല എന്നതുകൊണ്ട് തന്നെ!**

മറ്റേതോ സദസ്സാണെന്ന് ഞാൻ കരുതി."

പെരുന്നാൾ ദിവസം രാവിലെ കിട്ടിയ വഹ്‌യ് അനുസരിച്ചാണ് അറബിയിൽ ഖുത്വബ നിർവഹിച്ചത് എന്നും നേരത്തെ തയ്യാറാക്കിയതല്ലെന്നുമുള്ള അവകാശവാദം കളവാണെന്ന് മിർസായുടെ ഈ വാക്കുകൾ തന്നെ തെളിയിക്കുന്നു.

"പ്രസംഗം തുടങ്ങവെ മൗലവി അബ്ദുൽകരീമിനോടും ഹകീം നൂറുദ്ദീനോടും അടുത്തിരുന്ന് എഴുതുവാൻ നിർദേശിച്ചു; ഇപ്പോൾ തന്നെ എഴുതുക. പിന്നെ ഈ വചനങ്ങൾ പോയിപ്പോകും."

"ഖുത്വുബ കഴിഞ്ഞ ശേഷം മൗലവി അബ്ദുൽകരീം അതിന്റെ ഉർദു തർജമ കേൾപ്പിച്ചു. തുടർന്ന് മസീഹ് പറഞ്ഞു: 'ഈ ഖുത്വുബ നിർവഹിക്കാൻ സാധിച്ചുവെന്നത് രാത്രിയിലെ എന്റെ പ്രാർഥന സ്വീകരിച്ചതിന് തെളിവാകുന്നു."

"ഉടനെ അദ്ദേഹം സുജൂദിൽ വീണു. അനുയായികളും സുജൂദ് ചെയ്തു. തലയുയർത്തിയ മസീഹ് പറഞ്ഞു: 'ഇപ്പോൾ എനിക്ക് മുബാറക് എന്ന് ചുവന്ന മഷിയിൽ എഴുതിക്കാണിച്ചു. തീർച്ചയായും ദുആ സ്വീകരിച്ചിരിക്കുന്നു" (മൽഫൂസാതെ അഹ്മദിയ്യ, പേജ് 29-31).

ഇവിടെ പറയുന്നത് വഹ്‌യ് അവതരിച്ചത് തലേദിവസം രാത്രി ആണെന്നാണ്. നേരത്തെ പറഞ്ഞത്, അന്ന് രാവിലെയാണ് അറബിയിൽ ഖുത്വുബ നിർവഹിക്കാൻ നിർദേശം ലഭിച്ചത് എന്നും. ആലോചിക്കാൻ പോലും സമയം ലഭിക്കാതെ, അരുവി ഒഴുകും പോലെ പ്രസംഗിച്ചു എന്നാണ് അവകാശവാദം. തലേദിവസം കൽപന ലഭിച്ചിരുന്നു എന്ന് പ്രഭാഷകൻതന്നെ പറഞ്ഞല്ലോ. എങ്കിൽ പിന്നെ അതിൽ എന്ത് അമാനുഷികതയും അത്ഭുതവുമാണുള്ളത്? പ്രഭാഷകൻ പ്രവാചകൻ ആകേണ്ട കാര്യവുമില്ല.


അതിനും പുറമെ ഈ ഇൽഹാമീ ഖുത്വുബ പുസ്തകമായി പുറത്തിറങ്ങുന്നത് 1902 ഒക്ടോബറിലാണ്. ഒരു മുന്നൊരുക്കവുമില്ലാതെ പ്രസംഗം അരുവിയായി നിർഗളിക്കുന്നത് കണ്ടതും കേട്ടതും അണ്ണാക്ക് തൊടാതെ വിഴുങ്ങുന്ന അനുയായികൾ മാത്രമാണ്. അവരിൽതന്നെ വിരലിലെണ്ണാവുന്നവർക്ക് മാത്രമെ ആ ഭാഷ മനസ്സിലായിട്ടുള്ളൂ. എന്നുവെച്ചാൽ രണ്ടര വർഷക്കാലം എടുത്തു! 348 അറബി വാചകങ്ങൾ എത്രയോ മെച്ചപ്പെടുത്താനും ഭംഗിയാക്കാനും സാധിക്കും. അതിനായി ആരുടെ സഹായം വേണേലും തേടുകയും ചെയ്യാം.

ആനുഷംഗികമായി പറയട്ടെ, പതിമൂന്നു നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച, അറബി ഭാഷയുടെയും സാഹിത്യത്തിന്റെയും അത്യുദാത്തവും അമാനുഷികവും അർഥഗംഭീരവുമായ അമരവാണി പകരത്തിനും തുല്യതക്കുമുള്ള വെല്ലുവിളിയുമായി അജയ്യമാ

യി നിലകൊള്ളുമ്പോൾ, ഭാഷ ഏറെ പുരോഗമിച്ച 13 നൂറ്റാണ്ടിനപ്പുറം വഹ്‌യായി അവതരിക്കുന്നത് എല്ലാ ഊർജവും ചോർന്ന്, കാമ്പും കാതലും നഷ്ടപ്പെട്ട അവസ്ഥയിലായത് എന്തുകൊണ്ടാണ്? അല്ലാഹുവിൽനിന്നുള്ളതല്ല എന്നതുകൊണ്ട് തന്നെ!

ഖാദിയാനി പ്രവാചകന്റെ മിക്ക പുസ്തകങ്ങൾക്കും അമാനുഷികത കൽപിക്കപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ സമാനമായ കൃതികൾ രചിക്കാൻ വെല്ലുവിളിക്കുകയും പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്യാറുണ്ട്. 1892ൽ പ്രസിദ്ധീകരിച്ച 'ആയീനയേ കമാലാതെ ഇസ്‌ലാമി'നെക്കുറിച്ച് 'തദ്കിറ'യിൽ പറയുന്നു:

"ഈ പുസ്തകം രചിക്കുന്ന സന്ദർഭത്തിൽ രണ്ട് തവണ റസൂലുല്ലാഹി(സ്വ) എന്നെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം പുസ്തകത്തിന്റെ രചനയിൽ സന്തോഷം രേഖപ്പെടുത്തി. ഒരു രാത്രി, ഒരു മലക്ക് ഈ പുസ്തകത്തിലേക്ക് ക്ഷണിച്ചുകൊണ്ട് ജനങ്ങളോട് വിളിച്ചു പറയുന്നത് കേട്ടു: 'ഈ പുസ്തകം അനുഗ്രഹമാണ്. അതിനെ ആദരിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നതിന് വേണ്ടി നിങ്ങൾ എഴുന്നേറ്റു നിൽക്കുക" (പേജ് 187).




*ഖുതുബയെ ഇൽഹാമിയ ആദ്യ പതിപ്പിന്റെ കവർ*

ഈ പുസ്തകത്തിലാണ് ഈസാ നബി(അ) ദൈവിക വിജ്ഞാനം സ്വീകരിച്ച് ആകാശത്തുനിന്ന് ഇറങ്ങുമെന്ന് മിർസാ ഖാദിയാനി എഴുതിവെച്ചത്.

**ബഹുഭാഷാ വഹ്‌യുകൾ**

"സ്വന്തം സമുദായത്തിന്റെ ഭാഷയുമായല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടില്ല. അവരെ കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കേണ്ടതിനാണ് ഇത്"(14:4) എന്ന് ക്വുർആൻ പറയുന്നു. ഇതിന് അടിവരയിട്ടുകൊണ്ട് മിർസാ ഖാദിയാനി 'ചശ്മയേ മഅ്രിഫതി'ൽ പറയുന്നു: 'പ്രവാചകന്റെ മാതൃഭാഷയിലോ സംസാരഭാഷയിലോ അല്ലാതെ അല്ലാഹു സംസാരിക്കുന്നത് പരിഹരിക്കാനാവാത്ത ബുദ്ധിമുട്ടുകൾക്ക് നിമിത്തമാകും. അത് അപ്രായോഗികവും ബുദ്ധിശൂന്യവുമാകുന്നു. അത്തരം ഇൽഹാമുകൾ കൊണ്ട് എന്ത് പ്രയോജനം?'(പേജ് 209).

**"സ്വന്തം സമുദായത്തിന്റെ ഭാഷയുമായല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടില്ല. അവരെ കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കേണ്ടതിനാണ് ഇത്"(14:4) എന്ന് ക്വുർആൻ പറയുന്നു. ഇതിന് അടിവരയിട്ടുകൊണ്ട് മിർസാ ഖാദിയാനി 'ചശ്മയേ മഅ്രിഫതി'ൽ പറയുന്നു: 'പ്രവാചകന്റെ മാതൃഭാഷയിലോ സംസാരഭാഷയിലോ അല്ലാതെ അല്ലാഹു സംസാരിക്കുന്നത് പരിഹരിക്കാനാവാത്ത ബുദ്ധിമുട്ടുകൾക്ക് നിമിത്തമാകും. അത് അപ്രായോഗികവും ബുദ്ധിശൂന്യവുമാകുന്നു. അത്തരം ഇൽഹാമുകൾ കൊണ്ട് എന്ത് പ്രയോജനം?' (പേജ്209).**


ഖാദിയാനി പ്രവാചകന് അറബിയിലും മാതൃഭാഷയായ ഉർദുവിലും ലഭിച്ച നിരവധി 'വഹ്‌യുകൾ' നാം കണ്ടു. ഇവയ്ക്കു പുറമെ പേർഷ്യൻ, ഇംഗ്ലീഷ്, പഞ്ചാബി, ഹിബ്രു എന്നീ ഭാഷകളിലും മാത്രമല്ല, അക്കങ്ങളും ചിഹ്നങ്ങളും പോലും വഹ്‌യ് ലഭിച്ചിട്ടുണ്ടെന്ന് എഴുതിവച്ചിട്ടുണ്ട്. ഏത് ഭാഷയിലും അദ്ദേഹത്തിന് മനസ്സിലാകാത്തവ നിരവധിയാണ്. ചിലതിനെപ്പറ്റി 'എനിക്ക് മനസ്സിലായിട്ടില്ല' എന്ന് പറയുകയും ചെയ്തിട്ടുണ്ട്.

"അങ്ങനെയിരിക്കെ ഒരു നാൾ സ്വപ്നത്തിൽ ഒരാളെ കാണുന്നു. അയാൾ എന്റെ പേര് എഴുതുകയാണ്. എപ്പോൾ എഴുതുമ്പോഴും പാതി അറബിയിലും പാതി ഇംഗ്ലീഷിലും ആണ് എഴുതുന്നത്; Mirza Golam احمد എന്ന്"(പേജ് 33).

ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി 'വഹ്‌യ്' അവതരിച്ചത് 1882ലാണെന്ന് പറയുന്നു. അന്ന് അദ്ദേഹത്തിന് മസീഹ് വാദം പോലും ഉണ്ടായിരുന്നില്ല. കാലത്തിന്റെ ഇമാം, ദൈവികസന്ദേശം ലഭിക്കുന്ന മുഹദ്ദസ്, ദുആ സ്വീകരിക്കപ്പെടുന്ന വലിയ്യ് എന്നിങ്ങനെയുള്ള അല്ലറചില്ലറ വാദങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ.

**തർക്ക പ്രകൃതൻ**

"ഒരു ദിവസം അമൃതസറിൽ നിന്ന് അറബി പണ്ഡിതനും മതപ്രസംഗകനും സൂഫിയുമായ ഹാജി നൂർ അഹ്മദ് എന്നയാൾ ഖാദിയാനിൽ വന്നു. അദ്ദേഹം എന്റെ വാദങ്ങളെ പുച്ഛിച്ചു തള്ളിയപ്പോൾ, പ്രവചന സാക്ഷാത്കാരമടക്കം കാണിച്ചുകൊടുക്കാനായി ഇവിടെ അൽപദിവസം താമസിക്കാമെന്ന് പറഞ്ഞു. മഴ പെയ്തതിനാൽ അന്ന് പോകാൻ കഴിഞ്ഞില്ല.



۵۰

۱۸۸۳ء یا اس سے قبل "ایک دفعہ کی حالت یاد آئی ہے کہ انگریزی میں اوّل یہ الہام ہوا:-

آئی لو یو

یعنی مَیں تم سے محبت رکھتا ہوں

پھر یہ الہام ہوا:-

آئی ایم وِد یو

یعنی مَیں تمہارے ساتھ ہوں

پھر الہام ہوا:-

آئی شیل ہیلپ یو

یعنی مَیں تمہاری مدد کروں گا

پھر الہام ہوا:-

آئی کین وہٹ آئی وِل ڈو

یعنی مَیں کرسکتا ہوں جو چاہوں گا

پھر بعد اس کے بہت ہی زور سے جس سے بدن کانپ گیا یہ الہام ہوا:-

وِی کین وہٹ وِی وِل ڈو

یعنی ہم کر سکتے ہیں جو چاہیں گے

اور اُس وقت ایک ایسا لہجہ اور تلفّظ معلوم ہوا کہ گویا ایک انگریز ہے جو سر پر کھڑا ہوا بول رہا ہے اور باوجود پُردہشت ہونے کے پھر اُس میں ایک لذّت تھی جس سے رُوح کو معنے معلوم کرنے سے پہلے ہی ایک تسلّی اور تشفّی ملتی تھی اور یہ انگریزی زبان کا الہام اکثر ہوتا رہا ہے۔"

(براہین احمدیہ حصہ چہارم صفحہ ۴۸۰، ۴۸۱ حاشیہ در حاشیہ نمبر ۳۔ روحانی خزائن جلد ۱ صفحہ ۵۷۱، ۵۷۲)

۱۸۸۳ء یا اس سے قبل "ایک دفعہ صبح کے وقت بہ نظرِ کشفی چند ورق چھپے ہوئے دکھائے گئے کہ جو ڈاک خانہ

1. I love you. 2. I am with you.
3. I shall help you. 4. I can what I will do.
5. We can what we will do.

രാത്രി സർവശക്തനോട് പ്രാർഥിച്ചു. രാവിലെ ഒരു കശ്ഫിൽ കണ്ടു; ഒരു കത്തിൽ ഇവ്വിധം എഴുതിയിരിക്കുന്നു: I am quarreler.. ഒപ്പം അറബിയിൽ 'ഹാദാ ശാഹിദുൻ നസ്സാഗുൻ' എന്നും എഴുതിക്കാണിച്ചു. ഈ വിനീതന് ഇംഗ്ലീഷ് ഭാഷ ഒട്ടും വശമില്ല. നൂർ അഹ്മദിനെ ഈ കശ്ഫിന്റെ വിവരം അറിയിച്ച ശേഷം ഇംഗ്ലീഷ് അറിയുന്ന ഒരാളെ കണ്ടു ഇതിന്റെ അർഥം ചോദിച്ചറിഞ്ഞു. 'ഞാൻ തർക്കിക്കുന്നവനാണ്' എന്ന വചനത്തിലൂടെ ഏതോ കലാപത്തെക്കുറിച്ച് കത്ത് വരാനിരിക്കുന്നു എന്ന് എനിക്ക് മനസ്സിലായി. അറബി വാക്കിന്റെ ഉദ്ദേശ്യം ഏതോ കേസിനു സാക്ഷി പറയുന്ന കാര്യമാണെന്നും ബോധ്യപ്പെട്ടു"(പേജ് 56).

**സാക്ഷാത്കാരം**

"മഴമൂലം പോകാൻ കഴിയാതെ വന്നത് ദുആ സ്വീകരിച്ചതിന്റെ ലക്ഷണമായിരുന്നു. പ്രവചനത്തിന്റെ പുലർച്ച അദ്ദേഹത്തിന് നേരിട്ട് കാണാമല്ലോ. വൈകുന്നേരം അമൃതസറിലെ സഫീറെ ഹിന്ദ് പ്രസ്സിന്റെ ഉടമ, പാതിരി റജബ് അലിയുടെ കത്ത് വന്നു. അദ്ദേഹത്തിനെതിരെ ഏതോ ഒരു ഗ്രന്ഥകാരൻ കൊടുത്ത കേസിന് ഞാൻ സാക്ഷി പറയണമെന്നാണാവശ്യം. ഞാൻ സാക്ഷി പറഞ്ഞാൽ മറുകക്ഷിക്ക് 'വിനാശകരമായ സാക്ഷിയാവും' അത് എന്നാണ് ഇൽഹാമിന്റെ പൊരുൾ."

"അങ്ങനെ അമൃതസറിലേക്ക് പോവുകയാണ്. യാദൃച്ഛികമെന്ന് പറയട്ടെ, നേരത്തെ അവതരിച്ച ഇൽഹാമിലെ പ്രവചന സാക്ഷാത്കാരമായി ആ യാത്ര. നൂർ അഹ്മദിന്റെ കൺമുമ്പിൽ തന്നെ അതും പുലർന്നു. അമൃതസറിൽ പോവുകയും ചെയ്തു" (പേജ് 55, 57).

ആ പ്രവചനം എന്താണെന്ന് അറിയേണ്ടേ?

''പണത്തിന് വല്ലാത്ത ആവശ്യം നേരിട്ടു. ഞാൻ പ്രാർഥനയിൽ മുഴുകി. എന്റെ ആവശ്യം തീരണം, ഒപ്പം എതിരാളികൾക്ക് നല്ലൊരു അടയാളവുമാകണം. അപ്പോഴാണ് ഇൽഹാം അവതരിച്ചത്: 'പത്ത് ദിവസങ്ങൾക്ക് ശേഷം ഞാൻ തിരമാല കാണിക്കും. അറിയുക, നിശ്ചയം, അല്ലാഹുവിന്റെ സഹായം അടുത്തിരിക്കുന്നു; പ്രസവിക്കാൻ അടുത്ത ഒട്ടകം വാലുയർത്തുന്നത് പോലെ. പിന്നെ നീ അമൃതസറിൽ പോകും''(പേജ് 54).

യഥാക്രമം ഉർദു, അറബി, ഇംഗ്ലീഷ് ഭാഷകളിൽ അവതരിച്ച ഈ ത്രിഭാഷാ വഹ്‌യിന്റെ പൂർത്തീകരണമാണ് ഈ വിവരിച്ചത്. നിങ്ങളുടെ അടുത്ത ചോദ്യം ഇതായിരിക്കും; എന്നിട്ട് നൂർ അഹ്മദ് വിശ്വസിച്ചോ?

എന്താണ് വിശ്വസിക്കേണ്ടത്? അന്ന് മിർസ എന്തെങ്കിലും വാദിച്ചിട്ട് വേണ്ടേ വിശ്വസിക്കാൻ! തനിക്കു വിവിധ ഭാഷകളിൽ വഹ്‌യ് ഉണ്ടാകുന്നു, അതിലൂടെ ചില കാര്യങ്ങൾ മുൻകൂട്ടി അറിയുന്നു, പ്രവചിക്കുന്നു, ചുറ്റുവട്ടത്തുള്ള ചിലരെ കേൾപ്പിക്കുന്നു, സത്യമായി പുലരുന്നു, എന്നാണ് വാദം. പക്ഷേ, ഈ കാര്യങ്ങളൊക്കെ രേഖപ്പെടുത്തുന്നത് പിൽക്കാലത്ത് രചിച്ച ഗ്രന്ഥങ്ങളിലാണ്. ഈ പറഞ്ഞ എല്ലാ ഇൽഹാമുകളും പ്രവചനവും അവയുടെ സാക്ഷാത്കാരവും ഒക്കെ ആദ്യമായി രേഖപ്പെടുത്തിയത് രണ്ടര വർഷങ്ങൾക്ക് ശേഷം 1884ൽ പ്രസിദ്ധീകരിച്ച 'ബറാഹീനെ അഹ്മദിയ്യ' നാലാം വാല്യം 238 മുതൽ 562 വരെ പേജുകളിലാണ്. ആ സമയത്തും മഹ്ദി വാദം പോലും ഉന്നയിച്ചിട്ടില്ല. എന്നാൽ പിൽക്കാലത്ത് തന്റെ പ്രവചനങ്ങൾ സാക്ഷാത്കരിച്ചു എന്നും ഇതൊക്കെ പ്രവാചകത്വത്തിന്റെ അടയാളമാണെന്നും അവകാശപ്പെടുന്നു!

ഈ ഗ്രന്ഥം രചിച്ചത് ഇസ്‌ലാമിന്റെ സത്യതയും വിശുദ്ധ ക്വുർആനിന്റെ അമാനുഷികതയും മുഹമ്മദ് നബിയുടെ പ്രവാചകത്വവും തെളിയിക്കുന്ന 300 സാക്ഷ്യങ്ങൾ സമർപ്പിക്കാൻ വേണ്ടിയായിരുന്നത്രെ! അതിലെ ആറേഴു പേജുകളുടെ ഉള്ളടക്കമാണ് നാം വായിച്ചത്.

I love you

"തദ്കിറ'യിലെ 88 മുതൽ 97 വരെയുള്ള ക്രമനമ്പറുകളിൽ കുറേ ഇംഗ്ലീഷ് വഹ്‌യുകളാണ് വിന്യസിച്ചിട്ടുള്ളത്. നേരത്തെ കണ്ട പോലെ ഒരു വാക്യം ലഭിച്ചപ്പോൾ തന്നെ ഒരു ഇംഗ്ലീഷ് പണ്ഡിതനെ കണ്ടു അർഥം ചോദിക്കുന്ന ഒരു മൗലവിയെ ഇംഗ്ലീഷിൽ വഹ്‌യ് അറിയിച്ച് വിഷമിപ്പിക്കേണ്ട വല്ല കാര്യവുമുണ്ടോ?

"I love you. I am with you.... God is coming by his army. He is with you to kill enemy."(പേജ് 64,66).

ഈ വചനങ്ങൾക്ക് അല്ലാഹു തന്നെ തർജമയും അറിയിച്ചിട്ടുണ്ടത്രെ!

*(തുടരും)*



ലേഖനം

# നമുക്ക് മാറാനായില്ലേ?

**അജ്മൽ അൽഹികമി മുണ്ടക്കയം**

ഇമാം ക്വുർതുബി വിശുദ്ധ ക്വുർആനിലെ 57ാം അധ്യായമായ അൽഹദീദിലെ പതിനാറാം സൂക്തത്തിന്റെ വിശദീകരണത്തിൽ ഫുദൈലുബ്നു ഇയാദി (റഹ്)ന്റെ പരിവർത്തനത്തിന്റെ കഥ പറയുന്നുണ്ട്. ഇരുൾമുറ്റിയ ഭൂതകാല ജീവിതത്തിൽനിന്നും താബിഉകളിലെ വിശ്രുത പണ്ഡിതനായി അദ്ദേഹം മാറിയതിനു പിന്നിൽ ഒരു ചരിത്രമുണ്ട്. തന്റെ അയൽപക്കത്തെ ഒരു യുവതിയുമായി പ്രണയത്തിലായ ഫുദൈൽ, അവരുമായി ശയിക്കാൻ ഒരു രാത്രി തെരഞ്ഞെടുത്തു. ഇരുളിന്റെ മറവിൽ അവളുടെ വീടിന്റെ വേലിക്കെട്ടുകൾ ചാടിക്കടക്കുമ്പോൾ പതിഞ്ഞ ശബ്ദത്തിൽ ക്വുർആൻ പാരായണം അദ്ദേഹം കേട്ടു; അൽഹദീദിലെ 16,17 വചനങ്ങളായിരുന്നു അത്:

"വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനെ പറ്റിയുള്ള സ്മരണയിലേക്കും അവതരിച്ചു കിട്ടിയ സത്യത്തിലേക്കും കീഴൊതുങ്ങുവാനും തങ്ങൾക്ക് മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ? അങ്ങനെ ആ വേദക്കാർക്ക് കാലം ദീർഘിച്ചുപോകുകയും തന്മൂലം അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയും ചെയ്തു. അവരിൽ അധികമാളുകളും ദുർമാർഗികളാകുന്നു."


ഇത് കേട്ട മാത്രയിൽ 'അല്ലാഹുവാണെ, എനിക്കിതാ സമയമെത്തിയിരിക്കുന്നു' എന്ന് അദ്ദേഹത്തിന്റെ അധരങ്ങൾ അറിയാതെ മന്ത്രിച്ചുപോയി. ശേഷം അല്ലാഹുവിനോട് അദ്ദേഹം ആത്മാർഥമായി പശ്ചാത്തപിച്ചു. 'അല്ലാഹുവേ, നിന്നിലേക്കിതാ ഞാൻ ഖേദിച്ചു മടങ്ങുന്നു; എന്റെ തിന്മകൾക്കുള്ള തൗബയായി ഞാൻ നിന്റെ മസ്ജിദുൽ ഹറമിനെ തെരഞ്ഞെടുത്തിരിക്കുന്നു.' അങ്ങനെ ശിഷ്ടകാലം പരിശുദ്ധ മക്കയിൽ കഅ്ബയുടെ ചാരത്ത് മതപഠനവും പിന്നീട് അധ്യാപനവുമായി ഫുദൈൽ ബിൻ ഇയാദ് കഴിഞ്ഞുകൂടി. വേറെയും പല മഹത്തുക്കളെയും സ്വാധീനിച്ച ഒരു വചനമാണിതെന്ന് ഇമാം ഖുർതുബി കൂട്ടിച്ചേർക്കുന്നുണ്ട്.

നബി(സ്വ)ക്ക് ഈ വചനം അവതീർണമാകുന്നത് പ്രവാചകനിയോഗമനത്തിന് നാലുവർഷം കഴിഞ്ഞിട്ടാണ്. മക്കയിലെ മുശ്‌രിക്കുകളുടെ കൊടിയ പീഡനങ്ങൾ അതിന്റെ എല്ലാ ഭീകരതയോടെയും പത്തിവിടർത്തിയാടുന്ന സമയം, ഈയൊരു പശ്ചാത്തലത്തിലാണ് അന്നത്തെ വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു ഈ സൂക്തങ്ങൾ അവതരിപ്പിക്കുന്നത്.

ആദ്യകാല മുസ്‌ലിംകളിൽ പെട്ട അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു: 'ഞങ്ങളുടെ ഇസ്‌ലാം സ്വീകരണത്തിനും ഈ ആയത്തിലൂടെ അല്ലാഹു ഞങ്ങളെ ശകാരിച്ചതിനും ഇടയിൽ വെറും നാലു വർഷം മാത്രമാണുള്ളത്!'

വിശ്വാസികളായി നാലുവർഷം മാത്രം പിന്നിട്ട സ്വഹാബത്തിനെ ഈ വചനത്തിലൂടെ അല്ലാഹു ഇത്രയധികം ശക്തമായി താക്കീത് ചെയ്തുവെങ്കിൽ, ഇന്നത്തെ മുസ്‌ലിം ഉമ്മത്ത് അങ്ങേയറ്റം ഗൗരവത്തിൽ തന്നെ ഈ സൂക്തങ്ങളെ നോക്കിക്കാണണം. വിശുദ്ധ ക്വുർആൻകൊണ്ടും അല്ലാഹുവിനെ കുറിച്ചുള്ള സ്മരണകൊണ്ടും നമ്മുടെ ഹൃദയങ്ങൾ ലോലമാകണം. വിശുദ്ധ ക്വുർആനിലെ ഓരോ കൽപനകളും ശാസനകളും നമ്മുടെ നേരെയാണ് വിരൽചൂണ്ടുന്നത് എന്ന് നാം തിരിച്ചറിയണം. അല്ലാഹുവിന്റെ മുമ്പിൽ പരിപൂർണമായ കീഴ്‌വണക്കമാണ് നമുക്ക് വേണ്ടത്. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക."

മുമ്പ് അല്ലാഹു വേദഗ്രന്ഥം നൽകി അനുഗ്രഹിച്ചവർ വേദഗ്രന്ഥത്തെയും അവരിലേക്ക് അല്ലാഹു നിയോഗിച്ച പ്രവാചകന്മാരെയും അനുസരിച്ചില്ല. വേദം പഠിക്കാതെയും പ്രയോഗവൽക്കരിക്കാതെയും തുച്ഛമായ ഭൗതിക ലാഭത്തിനു വേണ്ടി അതിൽ തിരിമറി നടത്തിയും അവർ ജീവിച്ചു. അതിനാൽ അവരുടെ ഹൃദയങ്ങൾ കടുത്തുപോയി. ഇക്കൂട്ടരെപ്പോലെയാകരുത് എന്ന് വിശ്വാസികളെ അല്ലാഹു ഉണർത്തുന്നു.



# നിരാശ വേണ്ട; ആശങ്കയും

നബീൽ പയ്യോളി
: 9446378716

നഷ്ടപ്പെട്ടുപോയതിനെക്കുറിച്ചുള്ള നിരാശയും നാളെയെക്കുറിച്ചുള്ള ആശങ്കയും വച്ചുപുലർത്തുന്നവനാണ് മനുഷ്യൻ. മനസ്സിനെ കീറിമുറിക്കുന്ന വേദനയായി ഇവരണ്ടും വേട്ടയാടാറുണ്ട്. ആത്മഹത്യയും ഡിപ്രഷനും നിഷ്ക്രിയത്വവുമെല്ലാം ഈ രണ്ട് വികാരങ്ങളുടെ പരിണിത ഫലങ്ങളാണെന്നാണ് പലപ്പോഴും തോന്നിയിട്ടുള്ളത്. എന്തെങ്കിലും നഷ്ടമായാലോ പ്രതീക്ഷകൾക്കപ്പുറം സംഭവിച്ചാലോ ലോകമവസാനിക്കില്ലെന്നും പരീക്ഷണങ്ങൾ ജീവിതത്തിന്റെ ഭാഗമാണെന്നും നാം മനസ്സിലാക്കണം.

കുറെ കാലമായി നാടിന്റെ സാമൂഹികാന്തരീക്ഷത്തിൽ വന്ന മാറ്റം ഭയവും ആശങ്കയും സമ്മാനിക്കുന്നതാണ് എന്നതാണ് പൊതുവിൽ എല്ലാവരുടെയും പക്ഷം. മാനസിക സംഘർഷങ്ങളിൽ ജീവിതം ദുസ്സഹമാവുമ്പോൾ നിഷ്ക്രിയരാകുന്നവരോ ജീവിതം അവസാനിപ്പിക്കുന്നവരോ ഉണ്ട്. ലോകത്തിന്റെ ഏത് മുക്കിലും മൂലയിലും എന്ത് നടന്നാലും അതൊക്കെ അറിയാനും കേൾക്കാനും വിധിക്കപ്പെട്ടവരായി ഇന്നത്തെ മനുഷ്യർ മാറിയെന്നത് വിവരസാങ്കേതിക വിദ്യയുടെ ഒരു പ്രത്യാഘാതമാണ്. ലോകത്ത് എന്ത് അത്യാഹിതം സംഭവിച്ചാലും നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ അടുത്തേക്ക് ആ വാർത്ത ഓടിയെത്തും. അതിന്റെ പ്രത്യാഘാതങ്ങളും പ്രതിസന്ധികളും നമ്മെ അലട്ടും.

ലോകത്തുള്ള മുഴുവൻ പ്രശ്നങ്ങളെക്കുറിച്ചും ആലോചിക്കാനും അവയ്ക്ക് പരിഹാരം കാണാനും നമ്മെ ആരും ചുമതലപ്പെടുത്തിയിട്ടില്ല, ഉത്തരവാദപ്പെട്ടവർ അത് നിർവഹിക്കും എന്ന പ്രതീക്ഷാനിർഭരമായ മാനസികാവസ്ഥയാണ് നമുക്കേവർക്കും ഉണ്ടാവേണ്ടത്. നമ്മുടെ കഴിവിലും പരിധിയിലും ഉത്തരവാദിത്തത്തിലുമുള്ള കാര്യങ്ങളിൽ പരമാവധി ഇടപെടുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യുകയുമാവാം. നമ്മുടെ ഉത്തരാദിത്തത്തിൽ അല്ലാത്തവ ഉത്തരവാദിത്തം ഉള്ളവരെ ഉണർത്തുകയും പരിഹാരം കാണാൻ നിർദേശിക്കുകയുമാകാം. അതിനപ്പുറമുള്ളതിൽ നാം ആശങ്കപ്പെടുന്നതിൽ അർഥമില്ല. നമ്മുടെ കഴിവും സാഹചര്യവും പരിധിയും തിരിച്ചറിഞ്ഞു പ്രശ്നങ്ങളെ സമീപിച്ചാൽ ആശങ്കകൾ നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കാം.

നഷ്ടപ്പെട്ടതിനെക്കുറിച്ച് ആലോചിക്കേണ്ടത് അതിൽനിന്നും പാഠം ഉൾക്കൊള്ളേണ്ടതിനാണ്. അല്ലാതെ ജീവിതത്തിനുമേൽ കരിനിഴൽ വീഴ്ത്തുന്ന ഡിപ്രഷനും നിരാശയും സമ്മാനിക്കാനാവരുത്. ചില നഷ്ടങ്ങൾ നമുക്ക് അന്നത്തെ സാഹചര്യത്തിൽ വലിയ ആഘാതം സൃഷ്ടിച്ചിട്ടുണ്ടാകാം. എന്നാൽ പിന്നീട് ആലോചിക്കുമ്പോൾ അതൊരു അനുഗ്രഹമായിരുന്നു എന്ന് തോന്നിയേക്കാം. അതെ, നമുക്ക് ഗുണമെന്ന് തോന്നുന്നത് ദോഷവും അനിഷ്ടകരമായത് ഗുണവുമായേക്കാം. വിശുദ്ധ ക്വുർആൻ ഇത് നമ്മെ ഉണർത്തുന്നത് ജീവിതയാത്രയിൽ അനിവാര്യമായും ഓർത്തുവെക്കേണ്ടത് തന്നെയാണ്.

"...എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (ക്വുർആൻ 2: 216).

വിശ്വാസത്തിന്റെ ബലത്തിൽ നമ്മൾ നേടിയെടുക്കേണ്ട ഈ ബോധ്യത്തിന്റെ അഭാവമാണ് മുകളിൽ സൂചിപ്പിച്ച മനസികാവസ്ഥയിലേക്ക് നമ്മെ എത്തിക്കുന്നത്. നമുക്ക് പ്രയാസകരമായ അനുഭവങ്ങൾ സമ്മാനിച്ചവരെക്കുറിച്ചോർത്ത് സമയം കളയുന്നതിൽ അർഥമില്ല. വിട്ടുവീഴ്ച ചെയ്യുക, അത് മനസ്സിന്റെ ഭാരം കുറക്കും. സാഹചര്യം ഏതുമായിക്കൊള്ളട്ടെ, വിശ്വാസിയുടെ നിലപാട് ഇസ്‌ലാമികമായിരിക്കണം. എങ്കിൽ ഏത് പ്രതിസന്ധികളെയും മറികടക്കാനും നിരാശയും ആശങ്കയും ഇല്ലാതാക്കാനും സാധിക്കും. അചഞ്ചലമായ വിശ്വാസത്തിന്റെ കരുത്തിൽ നമുക്ക് ജീവിതം കെട്ടിപ്പടുക്കാം.

"(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ" (ക്വുർആൻ6:17).




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
20 MAY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
0495 4019437 7356766478